ERNAKULAM-ANGAMALY ARCHDIOCESAN BULLETIN

# എറണാകുളം മിസ്സം



Vol. 58
Issue. 7
JULY 2016



www.ernakulamarchdiocese.org



ജൂലൈ 3-ന്

നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

**മാർ തോമസ് ചക്യത്ത് പിതാവിന്**

എറണാകുളം-അങ്കമാലി അതിരൂപതയുടെ

സ്നേഹം നിറഞ്ഞ

# തിരുനാൾ മംഗളങ്ങൾ!!!

ERNAKULAM-ANGAMALY ARCHDIOCESAN BULLETIN

എറണാകുളം മിസ്സം

# വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. സർക്കുലർ 3/15 - എട്ടുനോമ്പാചരണം
9. യുവജനദിനം 2015
14. കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ
17. സമർപ്പിത വിചാരങ്ങൾ (7)
20. പിതാക്കന്മാരുടെ ശുശ്രൂഷകൾ
25. കച്ചേരിക്കാര്യം
27. വൈദികസമിതി റിപ്പോർട്ട് (155)
29. അജപാലനസമിതി റിപ്പോർട്ട് (2)
35. നിര്യാതയായി
37. വാർത്തകളും വിശേഷങ്ങളും
38. മതബോധന ഡിപ്പാർട്ടുമെന്റ്
40. ഫാമിലി അപ്പസ്തോലേറ്റ്
43. സഹൃദയ (സോഷ്യൽ സർവ്വീസസ്)
46. ചിറ്റൂർ ധ്യാനകേന്ദ്രം
47. എ.കെ.സി.സി.
48. അതിരൂപത ഡയറി


**Editor: Rev. Fr. Jose Pollayil**

Volume : **58**
Issue No. : **7**
Month : **July 2015**

**Office:**
Archdiocesan Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: ₹ 15.00
Annual: ₹ 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam, Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings, Lisie Hospital Road, Ernakulam, Kochi 682018.
Published from Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Panjikaran Valiya Joseph, Kothiathode | --- | --- | 01.7.1825 |
| Fr. Tharayil Varkey, Kuthiathode | 1879 | 1905 | 01.7.1934 |
| Fr. Kandathil Thomas, Chembu | 1856 | 1880 | 05.7.1912 |
| Fr. Chennekadan Gerard, Angamaly | --- | --- | 05.7.1927 |
| Fr. Vithayathil Joseph, Kuthiathode | 1929 | 1956 | 05.7.1994 |
| Fr. Parakkal Thariath, Kanjoor | 1880 | 1910 | 06.7.1949 |
| Fr. Maniamkottu Emmanual, S. Parur | 1929 | 1958 | 06.7.1994 |
| Fr. Nayappilly Pathrose, Kothavara | 1899 | 1929 | 07.7.1935 |
| Fr. Alumkara Kuruvila, Vaikom | 1885 | 19111 | 08.7.1946 |
| Fr. Varghese Puthussery, Mookkannoor | 1953 | 1978 | 08.7.2008 |
| Fr. Maniamkot Issac, Chethikode | 1913 | 1940 | 09.7.1997 |
| *Msgr. Painumkal Joseph, Chathamma* | *1894* | *1920* | *10.7.1967* |
| Fr. Manikanamparambil Kuriakose, S. Parur | 1859 | --- | 13.7.1905 |
| Fr. Payyappilly Paul (K), Kanjoor | 1939 | 1967 | 13.7.2013 |
| Fr. Pudichery George (E), Edad | 1927 | 1955 | 14.7.2009 |
| Fr. Vezhaparambil Joseph, Vaikom | 1857 | 1902 | 15.7.1933 |
| *Msgr. Kandathil Augustine, Nadel* | *1920* | *1947* | *18.7.2001* |
| Fr. Sebastian Kiriyanthan, Narakal | 1916 | 1947 | 20.7.2005 |
| Fr. Vezhaparambil Kochouseph, Kanjoor | 1881 | 1909 | 22.7.1941 |
| Fr. Sankoorikal Joseph, Narakal | 1905 | 1935 | 24.7.1989 |
| Fr. Cherupallikkatt Xavier, Muttom | 1927 | 1957 | 24.7.2004 |
| Fr. Parappuram Paul, Vallam | 1883 | 1910 | 25.7.1956 |
| Fr. Panjikaran Joseph, Muttom | 1888 | 1916 | 30.7.1973 |

*മരണംമൂലം വേർപിരിഞ്ഞ നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരെ നമ്മുടെ അനുദിന പ്രാർത്ഥനകളിലും, ദിവ്യബലിയിലും ഓർത്ത് പ്രാർത്ഥിക്കാം.*

**സർക്കുലർ 3/15**

# എട്ടുനോമ്പാചരണം

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാർ തോമ്മാ ക്രിസ്ത്യാനികൾ അമ്പതുനോമ്പ്, ഇരുപത്തഞ്ചുനോമ്പ്, പതിനഞ്ചുനോമ്പ്, എട്ടുനോമ്പ്, മൂന്നുനോമ്പ് എന്നീ നോമ്പുകൾ ആചരിച്ചു പോന്നിരുന്നു. ഇപ്പോൾ അമ്പതുനോമ്പും ഇരുപത്തഞ്ചുനോമ്പും സഭാമക്കൾ എല്ലാവരുംതന്നെ പാലിക്കുന്നുണ്ട്. മറ്റു മൂന്നു നോമ്പുകൾ ആചരിക്കുന്നവരുമുണ്ട്. കുറവിലങ്ങാട് പോലുള്ള സ്ഥലങ്ങളിൽ മൂന്നുനോമ്പിന് ഒരു തിരുനാളിന്റേതായ പ്രത്യേകമായ ആരാധനാശുശ്രൂഷകളുമുണ്ട്. ഇന്ന് സഭയിൽ വർദ്ധിച്ച പ്രാധാന്യത്തോടെ ആചരിക്കപ്പെട്ടുവരുന്ന നോമ്പാണ് എട്ടുനോമ്പ്. മാതാവിന്റെ ജനനത്തിരുനാളിന് ഒരുക്കമായിട്ടുള്ള എട്ടുനോമ്പാചരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഈ കത്തിലൂടെ നിങ്ങളോടു സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ക്രിസ്തീയ ആധ്യാത്മികജീവിതത്തിൽ ഉപവാസത്തിനും നോമ്പാചരണത്തിനും വലിയ പ്രാധാന്യമുണ്ട്. 'കൂടെ ആയിരിക്കുക' എന്ന അർത്ഥമാണ് 'ഉപവസിക്കുക' എന്ന പദത്തിനുള്ളത്. ദൈവത്തോടുകൂടെ ആയിരിക്കാനുള്ള തീവ്രമായ പരിശ്രമമാണ് ഉപവാസം. ചില ഭക്ഷണസാധനങ്ങൾ വർജിച്ചുകൊണ്ടും, ചില സുഖസന്തോഷങ്ങൾ ഉപേക്ഷിച്ചുകൊണ്ടും, ആഘോഷങ്ങൾ ഒഴിവാക്കിക്കൊണ്ടും ത്യാഗാരൂപിയിലുള്ള ജീവിതചര്യയാണ് 'നോമ്പ്.'

ദൈവികവെളിപാടുകൾ സ്വീകരിക്കുന്നതിനൊരുക്കമായി ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ നോമ്പനുഷ്ഠിച്ച് ഉപവസിച്ച് പ്രാർത്ഥിച്ചിരുന്നതായി പഴയനിയമത്തിൽ ധാരാളം പരാമർശനങ്ങളുണ്ട്. കർത്താവിനെതിരായി തങ്ങൾ ചെയ്തുപോയ പാപങ്ങളെയോർത്ത് പശ്ചാത്തപിച്ചുകൊണ്ട് ഇസ്രായേൽജനം ഒരുദിവസം മുഴുവൻ ഉപവാസത്തിൽ കഴിയുന്നതായി സാമുവലിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു (1 സാമു. 7.6). മാത്രമല്ല, മൂന്നു ദിനരാത്രങ്ങളും (എസ്തേർ 4.16) ഏഴു ദിവസങ്ങളും (സാമു. 31.13) നാല്പതുദിവസങ്ങളുമൊക്കെ ഇസ്രായേൽക്കാർ ഉപവസിച്ചിരുന്നു. ഇസ്രായേൽനേതാവായ മോശ സീനായ് മലമുകളിൽ നാല്പതുപകലും നാല്പതുരാവും കർത്താവിനോടുകൂടെ ചെലവഴിച്ചുവെന്നും അവൻ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്തില്ലായെന്നും പുറപ്പാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (പുറ. 34.28).

ഈ പഴയനിയമപാരമ്പര്യം പുതിയനിയമത്തിലും തുടരുന്നു. മിശിഹായുടെ മുന്നോടിയും പ്രവാചകനുമായിരുന്ന സ്നാപകയോഹന്നാൻ തീർത്തും ലളിതമായ ഭക്ഷണക്രമവും വസ്ത്രധാരണരീതിയും തപശ്ചര്യകളും (മത്താ. 3, 4) സ്വീകരിച്ചിരുന്നു. രക്ഷകനെ കാണാൻ കാത്തിരുന്ന വൃദ്ധയായ പ്രവാചിക അന്ന രാപകൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഉപവാസവും പ്രാർത്ഥനയുമായി ദൈവാലയത്തിൽ കഴിഞ്ഞിരുന്നവളായിരുന്നു (ലൂക്ക. 2.37). ഈശോ തന്റെ ദൗത്യനിർവഹണത്തിനൊരുക്കമായി ഒന്നും ഭക്ഷിക്കാതെ നാല്പതുദിനരാത്ര ങ്ങൾ മരുഭൂമിയിൽ കഴിഞ്ഞുകൂടി (മത്താ. 4.2). ഗുരുവിൽനിന്ന് ഈ മാതൃക ആവേശപൂർവം ഏററു വാങ്ങിയ ശ്ലീഹന്മാർ ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ശേഷമാണ് ആത്മാഭിഷേകത്തോടെ കൈവയ്പുശുശ്രൂഷ നടത്തിയിരുന്നത് (അപ്പ. 13.2-3).

സാർവത്രികസഭയിലെ ആരാധനക്രമഗ്രന്ഥങ്ങളെല്ലാംതന്നെ നോമ്പിന്റെയും ഉപവാസത്തിന്റെയും ദാനധർമ്മത്തിന്റെയും പ്രാധാന്യം ഊന്നിപ്പറയുന്നുണ്ട്. ഇതിൽ സുറിയാനിസഭകൾ നോമ്പിന്റെ പാരമ്പര്യത്തെ ഒരു ആധ്യാത്മിക സംസ്കാരമായി രൂപപ്പെടുത്തുകയും അതിൽ ആഴപ്പെടുകയും ചെയ്തവരാണ് എന്ന് എടുത്തുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. പൗരസ്ത്യസുറിയാനി ആധ്യാത്മികപൈതൃകം പേറുന്ന ഭാരതത്തിലെ മാർ തോമ്മാ ക്രിസ്ത്യാനികൾ നോമ്പനുഷ്ഠാന ജീവിതത്തിന് വലിയ പ്രാധാന്യം നല്കിയതിന്റെ അടിസ്ഥാന ത്തിൽ വിദേശമിഷണറിമാർ നമ്മെ 'നോമ്പിന്റെ മക്കൾ' എന്ന് വിളിച്ചിരുന്നു.

കർത്താവിന്റെ പീഡാനുഭവത്തെ സ്മരിച്ച് വെള്ളിയാഴ്ചകളിലും മാതാവിനോടു ള്ള ഭക്തി സൂചകമായി ബുധനാഴ്ചകളിലും നമ്മുടെ സഭയിൽ നോമ്പ് അനുഷ്ഠിച്ചിരുന്നതായി പാരമ്പര്യം സാക്ഷിക്കുന്നു. തീക്ഷ്ണതയോടെ ഇന്നും ഈ പാരമ്പര്യം തുടരുന്നവർ സഭയിലുണ്ട്. നോമ്പിനെയും ഉപവാസത്തെയും കുറിച്ച് ഇത്രയും പറഞ്ഞത് എട്ടുനോമ്പിനെക്കുറിച്ച് പ്രത്യേകം പരാമർശിക്കു ന്നതിന് പശ്ചാത്തലമായിട്ടാണ്.

ഈശോയുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളാ രംഭിച്ചത് ക്രിസ്തുവർഷം അഞ്ചാം നൂററാണ്ടിന്റെ മധ്യത്തോടെയാണെന്ന് കരു തപ്പെടുന്നു. പൗരസ്ത്യസഭകളിലാണ് ഇത് പ്രചരിച്ചതും ഇപ്പോൾ കൂടുതലായി ആചരിക്കപ്പെടുന്നതും. പരിശുദ്ധ അമ്മയുടെ ജനനസ്ഥലം പുതിയ നിയമത്തിൽ ഒരിടത്തും പരാമർശിച്ചിട്ടില്ലെങ്കിലും ജറുസലെമാണെന്നുള്ള വിശ്വാസമാണ് സഭ യിലുള്ളത്. മറിയത്തിന്റെ മാതാപിതാക്കളായ അന്നാ-ജോവാക്കിം ദമ്പതികൾ താമസിച്ചിരുന്ന വീട് ജറുസലെം ദേവാലയത്തിനടുത്തായിരുന്നു. ഇപ്പോൾ വി. അന്നയുടെ നാമത്തിലുള്ള ദൈവാലയം സ്ഥിതിചെയ്യുന്ന സ്ഥലത്തിനടുത്ത്

മറിയത്തിന് പ്രതിഷ്ഠിതമായി ഉണ്ടായിരുന്ന ദൈവാലയത്തിന്റെ പ്രതിഷ്ഠാദിനമാണ് സെപ്ററംബർ എട്ട് എന്നും വിശ്വാസമുണ്ട്. ഇതായിരിക്കാം ഈ ദിവസം മറിയത്തിന്റെ ജനനത്തിരുനാളായി ആഘോഷിക്കപ്പെടാൻ ഒരു കാരണം.

സഭയിൽ വളരെ അപൂർവ്വമായിട്ടാണ് ജനനത്തിരുനാളുകൾ ആഘോഷിക്കപ്പെടുന്നത്. നമ്മുടെ രക്ഷകനും കർത്താവുമായ ഈശോയുടെ ജനനത്തിരുനാളായ ക്രിസ്തുമസ്സ് കൂടാതെ രക്ഷകന്റെ അമ്മയായ മറിയത്തിന്റെയും രക്ഷകനു മുന്നോടിയായ വന്ന സ്നാപകയോഹന്നാന്റെയും ജനനത്തിരുനാളുകൾ മാത്രമാണ് തിരുസഭയിൽ ആചരിക്കപ്പെടുന്നത്. മറ്റ് വിശുദ്ധരുടെയെല്ലാം മരണദിവസമാണല്ലോ തിരുനാളുകളായി ആഘോഷിക്കാറുള്ളത്.

എട്ടുനോമ്പാചരണത്തിന്റെ ആരംഭത്തെപ്പറ്റി പേർഷ്യൻ സാമ്രാജ്യവുമായി ബന്ധപ്പെട്ട ഒരു പാരമ്പര്യമുണ്ട്. ഇറാക്കിൽ 'ഹെയിറാ' എന്നറിയപ്പെട്ടിരുന്ന ഒരു പട്ടണത്തിൽ ഭൂരിഭാഗവും ക്രിസ്ത്യാനികളായിരുന്നുവെന്നും, അവിടത്തെ കന്യകകളായ സ്ത്രീകൾക്കു പീഡനങ്ങളുടെ ഭീഷണി ഉണ്ടായപ്പോൾ ക്രിസ്ത്യാനികൾ പള്ളിയിൽ ഒത്തുകൂടുകയും ഉപവസിച്ച് ദൈവമാതാവിന്റെ മാധ്യസ്ഥ്യം വിളിച്ചപേക്ഷിക്കുകയും ചെയ്തുവെന്നും തത്ഫലമായി അവർ രക്ഷപ്പെട്ടുവെന്നും, ഇതിന്റെ ഉപകാരസ്മരണയ്ക്കായി വിശ്വാസികൾ എട്ടുനോമ്പ് ആചരിക്കാൻ തുടങ്ങിയെന്നുമാണ് വിശ്വസിക്കപ്പെടുന്നത്.

കേരളത്തിൽ എട്ടുനോമ്പാചരണം തുടങ്ങിയത് ഒൻപതാം നൂററാണ്ടിലാണെന്ന് വിശ്വസിക്കപ്പെടുന്നു. ആരംഭത്തിൽ, മാതാവിന്റെ ജനനത്തിരുനാളിന് തൊട്ടുമുൻപുള്ള എട്ടുനോമ്പാചരണം മാർ തോമ്മാ ക്രിസ്ത്യാനികളുടെയിടയിൽ സ്ത്രീകൾ നടത്തിയിരുന്ന ഒരു പ്രത്യേകാചരണമാണ്. പിന്നീട് എല്ലാവരും ആചരിക്കുന്ന ഒരു നോമ്പായി അത് പരിണമിച്ചു. ഇന്നു സുറിയാനി കത്തോലിക്കരും യാക്കോബായ ഓർത്തഡോക്സ് സഭാംഗങ്ങളും ഇത് ആചരിച്ചുപോരുന്നു.

കുടുംബാംഗങ്ങൾ എല്ലാവരും ഒന്നുചേർന്നുള്ള സന്ധ്യാനമസ്കാരവും, ഉപവസിച്ചുള്ള പ്രാർത്ഥനയും, വിശുദ്ധ ഗ്രന്ഥപാരായണവും, ദൈവാലയത്തിലിരുന്നുള്ള പ്രാർത്ഥനയുമൊക്കെ നോമ്പിന്റെ ദിനങ്ങളിൽ കൂടുതൽ താല്പര്യപൂർവ്വം ചെയ്യാൻ ഏവരും പരിശ്രമിക്കേണ്ടതാണ്. അധികം ഇടവേള കൂടാതെ കുമ്പസാരിക്കുന്നതും അനുദിനം ദിവ്യബലിയിൽ പങ്കെടുക്കുന്നതുമൊക്കെ ആദ്ധ്യാത്മികശീലങ്ങളായി രൂപപ്പെടണം.

ഉപവാസം മനുഷ്യനെ ദൈവത്തോട് അടുപ്പിക്കാനുള്ള ഏറ്റവും ശക്തമായ ഒരു മാർഗ്ഗമാണ്. മാതാവിനോട് എക്കാലവും അതീവഭക്തിപുലർത്തിപ്പോരുന്ന ഒരു

പാരമ്പര്യം നമുക്കുള്ളതിനാൽ അതിന്റെ ഭാഗമായി എട്ടുനോമ്പു സമുചിതമായി ആഘോഷിക്കാൻ പരിശ്രമിക്കാം. പുരാതനകാലം മുതൽ സുറിയാനി പാരമ്പ ര്യത്തിൽ നിലനിന്നിരുന്നതും ഇടക്കാലം കൊണ്ട് തീക്ഷ്ണത കുറയുകയും അടുത്ത കാലത്തായി കൂടുതൽ പ്രചാരവും പ്രചോദനവും കിട്ടിയിട്ടുള്ളതു മായ ഈ നോമ്പ് നമ്മുടെ അതിരൂപതയിലെ എറണാകുളം ബസിലിക്ക, വെച്ചൂർ, അച്ചിനകം മുതലായ ദൈവാലയങ്ങളിൽ നടത്തിവരുന്നതുപോലെ ഈ വർഷം മുതൽ എല്ലാ ഇടവകകളിലും ആചരിച്ച് കാണാൻ ഞാനാഗ്രഹിക്കുന്നു. മാതൃഭക്തി പ്രചരിപ്പിക്കുന്ന 'ലീജിയൻ ഓഫ് മേരി' പോലെയുള്ള ഭക്തസംഘ ടനകൾ എട്ടുനോമ്പാചരണവും തങ്ങളുടെ സംഘടനാപ്രവർത്തനത്തിന്റെ ഭാഗമാക്കുന്നത് നന്നായിരിക്കും. വലിയ ദൈവാലയങ്ങളിൽ ജനങ്ങൾക്ക് സൗകര്യപ്രദമെങ്കിൽ രാവിലെയും വൈകുന്നേരവും പരി. കുർബാന അർപ്പിക്കാവുന്നതാണ്. കുർബാനയ്ക്ക് മുമ്പോ പിമ്പോ ജപമാല ചൊല്ലുന്നതും, പകൽസമയം ആരാധന നടത്തുന്നതും നന്നായിരിക്കും. പ്രത്യേകിച്ചും മാതൃസംഘം, വിമെൻ വെൽഫെയർ സർവീസസ് എന്നിവയുടെ നേതൃത്വത്തിൽ ഇത്തരം പ്രാർത്ഥനായജ്ഞങ്ങൾ നടത്തിക്കാണാനും ആഗ്രഹിക്കുന്നു.

പരിശുദ്ധ അമ്മയുടെ പ്രത്യേക മാദ്ധ്യസ്ഥ്യസഹായത്താൽ നമ്മുടെ കുടും ബങ്ങൾ അനുഗൃഹീതമായിത്തീരട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ നിങ്ങളേവരെയും ഞാൻ ആശീർവ്വദിക്കുന്നു.

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**
**എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്താ**

.................................................

N.B.: ഈ സർക്കുലർ 2015 ജൂലൈ 26-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ വായിച്ച് എട്ടുനോമ്പാചരണത്തിന് ജനങ്ങളെ ഒരുക്കേണ്ടതാണ്.

# യുവജനദിനം 2015

## കെ.സി.ബി.സി. യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

*"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ: അവർ ദൈവത്തെ കാണും"*
*(മത്താ. 5.8)*

കർത്താവിൽ പ്രിയ യുവജനങ്ങളേ, സഹോദരീ സഹോദരന്മാരേ,

ആഗോള കത്തോലിക്കാസഭ സമർപ്പിതർക്കുവേണ്ടി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന വർഷമാണല്ലോ 2015 - Year of consecrated Life. സമാധാനവും സന്തോഷവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ ആനന്ദത്തിന്റെ സാക്ഷികളായിക്കൊണ്ട് ലോകത്തെ വിളിച്ചുണർത്താനുള്ള (wake up the world) വലിയ ദൗത്യമാണ് സമർപ്പിതർക്കുള്ളതെന്ന് ഫ്രാൻസിസ് മാർപാപ്പ പഠിപ്പിക്കുന്നു. സഭയുടെയും സമൂഹത്തിന്റേയും ആവശ്യങ്ങളോട് സർഗ്ഗാത്മകമായി പ്രത്യുത്തരിക്കുവാൻ പരിശുദ്ധാത്മാവിനാൽ പ്രത്യേകമായി വിളിക്കപ്പെട്ട സമർപ്പിതർ യുവജനങ്ങൾക്ക് എന്നും മാതൃകയാകേണ്ടതാണ്.

### 30-ാം ലോക യുവജനദിനം (ജൂലൈ 5, ഞായർ)

യുവജനങ്ങളുടെ മാർപാപ്പയെന്ന് വിളിക്കപ്പെടുന്ന വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ നേതൃത്വത്തിൽ ആരംഭിച്ച ലോകയുവജനദിന ആഘോഷങ്ങൾ മൂന്നു പതിറ്റാണ്ടുകൾ പൂർത്തിയാക്കുന്ന ഈ വർഷം, യുവജനശുശ്രൂഷാരംഗത്ത് ഒരു ചരിത്ര മുഹൂർത്തമാണ്. നിറഞ്ഞ ആവേശത്തോടും ആഗ്രഹത്തോടും കൂടിയാണ് ലോകമെമ്പാടുമുള്ള യുവജനങ്ങൾ യുവജനസമ്മേളനങ്ങളെ ഇന്നോളം ഏറ്റുവാങ്ങിയിട്ടുള്ളത്. യുവജനങ്ങളുടെ ഓരോ കൂടിവരവും അവരുടെ വിശ്വാസത്തിന്റെ പ്രഖ്യാപനമായി മാറി. മൂന്ന് പതിറ്റാണ്ടുകളായി തുടരുന്ന യുവജനങ്ങളുടെ ഈ വിശ്വാസതീർത്ഥാടനം അടുത്ത വർഷം ഒത്തുചേരുന്നത് പോളണ്ടിലെ ക്രാക്കോവിലാണ് (Krakow).

### 2015-ലെ വിചിന്തന വിഷയം

വിശുദ്ധ മത്തായി ശ്ലീഹായുടെ സുവിശേഷം അഞ്ചാം അദ്ധ്യായത്തിൽ കാണുന്ന സുവിശേഷ സൗഭാഗ്യങ്ങളെ അധികരിച്ചുള്ള ചിന്തകളാണ് 2014 -2015 വർഷങ്ങളിൽ തിരുസഭ പങ്കുവയ്ക്കുന്നത്. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്" (മത്താ. 5:3) എന്ന തിരുവചനത്തെ അടിസ്ഥാനമാക്കി ദാരിദ്ര്യത്തെയും ദരിദ്രരെയും സംബന്ധിക്കുന്ന മൂന്നു നിർദേശങ്ങൾ കഴിഞ്ഞവർഷം ഫ്രാൻസിസ് മാർപാപ്പ യുവജനങ്ങളോട് പങ്കുവച്ചിരുന്നു: 1) ദരിദ്രരെ സ്നേഹിക്കുവാൻ പഠിക്കുക (2) ദരിദ്രഭാവം സ്വന്തമാക്കുക (3) ദരിദ്രരിൽ നിന്നു പഠിക്കുക. 2015-ൽ മുപ്പതാം ലോകയുവജനദി

നത്തോടനുബന്ധിച്ച് ആറാമത്തെ സുവിശേഷഭാഗ്യമായ, ''ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ: അവർ ദൈവത്തെ കാണും'' (മത്താ. 5:8) എന്ന തിരുവചനഭാഗമാണ് മാർപാപ്പ ലോകമെമ്പാടുമുള്ള യുവജനങ്ങൾക്കായി നൽകുന്നത്.

## ഹൃദയപരിശുദ്ധി, ദൈവത്തെ കാണുവാൻ

ദൈവത്തോടും മാലാഖമാരോടുമൊപ്പം നടന്നിരുന്ന മനുഷ്യന്റെ ഹൃദയം അനുഭവിക്കുന്ന സ്വർഗ്ഗീയ സൗഭാഗ്യത്തെ സന്തോഷത്തിന്റെ നിറവായി തിരുവചനം പഠിപ്പിക്കുന്നുണ്ട്. ദൈവിക അനുഗ്രഹങ്ങളാൽ നിറയുന്ന മനുഷ്യഹൃദയം അനുഭവിക്കുന്ന സന്തോഷത്തെ സുവിശേഷസൗഭാഗ്യങ്ങളിൽ കാണുന്ന "ഭാഗ്യവാൻ" എന്ന സംജ്ഞയോട് ചേർത്തുവയ്ക്കാവുന്നതാണ്.

സുവിശേഷഭാഗ്യങ്ങളിൽ "ഭാഗ്യവാൻ" എന്ന പ്രയോഗം ഒൻപതുതവണ ആവർത്തിക്കുന്നുണ്ട് (മത്താ. 5.1–12). ഓരോ യുവാവും യുവതിയും വിളിക്കപ്പെട്ടിരിക്കുന്നത് ഈ സൗഭാഗ്യാവസ്ഥയിൽ എത്തിച്ചേരുന്നതിനും അതിൽ നിലനിൽക്കുന്നതിനുമാണ്. തിന്മയുടെ മൂടുപടങ്ങളിൽനിന്നും നൈമിഷിക സന്തോഷങ്ങളിൽനിന്നും പുറത്തുവന്ന് സത്യത്തിന്റയും ധർമ്മത്തിന്റെയും സുതാര്യതയുടെയും യഥാർത്ഥ മുഖമായി യേശുവിന്റെ സാക്ഷികളായി മാറുവാനുള്ള വിളിയാണിത്. സമർപ്പിത ജീവിതത്തിന്റെ ചൈതന്യമുൾക്കൊണ്ടുകൊണ്ട്, വെല്ലുവിളികൾ നിറഞ്ഞ ആധുനിക ലോകത്തിൽ സന്തോഷത്തിന്റെ യുവജനസാക്ഷികളായ പുണ്യജന്മങ്ങളാകാൻ ഓരോ യുവാവിനെയും യുവതിയെയും ദൈവം ഇന്നും വിളിക്കുന്നുണ്ട്.

## സന്തോഷത്തിനുവേണ്ടിയുള്ള മനുഷ്യന്റെ ആഗ്രഹം

ലോകമെങ്ങും ഇന്ന് സന്തോഷത്തിന്റെ പിന്നാലെ പായുകയാണ്. ധനത്തോടുള്ള അടങ്ങാത്ത ആഗ്രഹവും ജീവിത സൗകര്യങ്ങളുടെ ധാരാളിത്തവും മദ്യത്തിന്റെയും മയക്കമരുന്നിന്റെയും നിയന്ത്രണമില്ലാത്ത ഉപയോഗവും മനുഷ്യന്റെ സന്തോഷം തേടിയുള്ള വഴിപിഴച്ച യാത്രയുടെ പരിണിതഫലങ്ങളാണ്. ഏതുവിധേനയും സന്തോഷം നേടിയെടുക്കുവാനുള്ള മനുഷ്യന്റെ അടങ്ങാത്ത ത്വര, സൃഷ്ടിയുടെ ആദ്യസമയം മുതൽ തുടങ്ങിയതാണ്. ഉത്പത്തിപ്പുസ്തകത്തിൽ കാണുന്ന ആദിമാതാപിതാക്കളുടെ പാപാവസ്ഥ, നിഷിദ്ധമായ വഴികളിലൂടെ ദൈവത്തെ മാറ്റിനിറുത്തി, കൂടുതൽ സൗഭാഗ്യങ്ങളും സന്തോഷവും തേടുന്ന മനുഷ്യന്റെ നേർചിത്രമാണ്. തങ്ങളുടെ സമഗ്രവിമോചനത്തിനായി ഒരു രക്ഷകൻ വരണമേയെന്നുള്ള പഴയനിയമ ജനതയുടെ നിലവിളിയുടെ ആധുനികശബ്ദമാണ് ലോകമെങ്ങും നാം ഇന്ന് കേട്ടുകൊണ്ടിരിക്കുന്നത്.

## സാമൂഹികസന്തോഷത്തെ നഷ്ടപ്പെടുത്തുന്ന ഭീകരത

തീവ്രവാദങ്ങളുടെ പേരിൽ സാമൂഹിക സന്തോഷം നഷ്ടപ്പെടുന്ന ഒരു കാലഘട്ടത്തിലൂടെ ലോകം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. ആഗോളതലത്തിൽ ശാന്തിയും സമാധാനവും പുനഃസ്ഥാപിക്കുക എന്നത് ആധുനിക ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. മാലാഖമാരുടെ ഗാനങ്ങൾ ഉയരേണ്ട മേഘവിതാനങ്ങൾ, യുദ്ധവിമാനങ്ങളുടെയും മിസൈലുകളുടെയും കാതടപ്പിക്കുന്ന ശബ്ദത്താൽ ഭയജനകമായിരിക്കുന്നു. ശിശുക്കളുടെ പൊട്ടിച്ചിരികളും കിളികളുടെ നാദവുമുയരേണ്ട ഭൂമി തകർന്നടിഞ്ഞ ശവകൂമ്പാരങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ജീവിത സൗഭാഗ്യങ്ങളിലേക്കും സന്തോഷത്തിലേക്കും നയിക്കേണ്ട ആധുനിക കണ്ടുപിടിത്തങ്ങളും ശാസ്ത്ര സാങ്കേതിക വളർച്ചയും മനുഷ്യവംശത്തിന്റെയും പ്രകൃതിയുടെയും ഉന്മൂലനത്തിനായി ഭവിക്കുമോ എന്നു ഭയപ്പെടേണ്ടതായി വരുന്നു.

ലോകചരിത്രത്തിലിന്നോളം മതപീഡനങ്ങൾക്ക് ഇരകളാകുന്നതിൽ ഭൂരിപക്ഷവും യുവജനങ്ങളാണെന്ന് കാണാം. ഒരു നാടിനെയും സംസ്കാരത്തെയും വിശ്വാസത്തെയും തകർക്കാൻ യുവജനങ്ങളെ ഇല്ലാതാക്കുകയാണ് ഏറ്റവും വലിയ ആയുധമെന്നത് യുദ്ധതന്ത്രമാണ്. യേശുവിനെയും അവനിലുള്ള വിശ്വാസത്തെയും തള്ളിപ്പറയാത്തതിന്റേപേരിൽ തലയറക്കപ്പെട്ട യുവജനങ്ങളുടെ ഞെട്ടിപ്പിക്കുന്ന ചിത്രങ്ങളും വീഡിയോകളും മനുഷ്യജീവനുനേരെയും ധാർമ്മികതയ്ക്കുനേരെയും ഉയർന്നു വരുന്ന ഭീകരമായ വെല്ലുവിളികളാണ്. "മാനവികതയ്ക്കും ദൈവത്തിനുമെതിരായ അവഹേളനമാണിത്. ദൈവത്തിന്റെ പേരിൽ ഒരിക്കലും വിദ്വേഷവും വെറുപ്പും സൃഷ്ടിക്കരുത്. ദൈവത്തിന്റെ പേരിൽ യുദ്ധങ്ങൾ ഉണ്ടാക്കുകയുമരുത്." ലോക മനഃസാക്ഷിയെ വിളിച്ചുണർത്തുന്ന ഫ്രാൻസിസ് മാർപാപ്പയുടെ ഈ വാക്കുകൾക്ക് ഇനിയും ചെവികൊടുക്കാത്ത ക്രൂരമുഖങ്ങൾ ഇപ്പോഴും താണ്ഡവമാടുന്നു എന്നത് ഏറ്റവും വേദനാജനകമാണ്.

ഭയാശങ്കകൾ നിറയുന്ന ഈ ലോകത്തിൽ ക്രൈസ്തവർക്കു നൽകാൻ കഴിയുന്ന ജീവിതസാക്ഷ്യം വേറിട്ടതാവണമെന്ന് ഫ്രാൻസിസ് മാർപാപ്പ പഠിപ്പിക്കുന്നു. ഈ ലോകത്തിൽ നാം വിശ്വാസിയായിരിക്കണമെന്നും ഈ വിശ്വാസത്തിന്റെ മൂലക്കല്ല് സുവിശേഷത്തിന്റെ സന്തോഷമായിരിക്കണമെന്നും അദ്ദേഹം ഓർമിപ്പിക്കുന്നു. വിശ്വാസത്തിന്റെ പേരിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വേദനിക്കുന്നവരെയും ശിരസ്സറ്റുവീഴുന്നവരെയും നാടുംവീടും വിട്ട് പലായനം ചെയ്യേണ്ടിവരുന്നവരെയും ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടവരെയും ഓർത്തുകൊണ്ട്, പ്രതീക്ഷ നഷ്ടപ്പെടുന്ന ഒരു കാലഘട്ടത്തിലെ വിശുദ്ധജന്മങ്ങളാണ് ഈ മക്കളെന്ന് അദ്ദേഹം അനുസ്മരിക്കുന്നു.

ഭീതിജനകമാംവിധം വളർന്നുകൊണ്ടിരിക്കുന്ന ദൈവനിഷേധവും തൊഴിലില്ലായ്മയും മദ്യമയക്കുമരുന്നു സംസ്കാരങ്ങളും ആധുനിക മാധ്യമങ്ങളുടെ അതിപ്രസരവും ജീവനെതിരെ ഉയർന്നുവരുന്ന എല്ലാ മരണസംസ്കാരങ്ങളും യുവജനങ്ങളുടെ പഠനത്തിനും പരിചിന്തനത്തിനും വിഷയീഭവിക്കണം. വെല്ലുവിളികളിൽ തളരാതെ ഒരു ഫീനിക്സ് പക്ഷിയെപ്പോലെ അവർ ഉണർന്നെഴുന്നേൽക്കണം. നമ്മുടെ കലാലയങ്ങളെയും യുവതലമുറയെയും കേന്ദ്രീകരിച്ചുകൊണ്ട് വളർന്നു വരുന്ന മയക്കുമരുന്നു സംസ്കാരത്തിനെതിരേ കർമ്മപരിപാടികളുമായി രംഗത്തിറങ്ങേണ്ടത് യുവജനങ്ങൾ തന്നെയാണ്. പാവനമായ കുടുംബബന്ധങ്ങളുടെ തകർച്ചയുൾപ്പെടെ ഇന്ന് സമൂഹത്തിൽ കാണുന്ന എല്ലാ മൂല്യശോഷണങ്ങളുടെയും അടിസ്ഥാന കാരണം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗമാണെന്നു കണ്ടെത്താനാകും. സാമൂഹികസന്തോഷം നഷ്ടപ്പെടുത്തുന്ന ഇപ്രകാരമുള്ള ഭീകരതകളുടെ അധിനിവേശത്താൽ പ്രതീക്ഷ നഷ്ടപ്പെടുന്ന ഒരു തലമുറയുടെ മുന്നണിപ്പോരാളികളാകുവാനുള്ള വിളി ഓരോ ക്രൈസ്തവ യുവാവിനും യുവതിക്കുമുണ്ട്.

**സന്തോഷത്തിന്റെ യുവജനസാക്ഷികൾ**

അസമാധാനവും അക്രമവും സാമൂഹിക അനീതികളും അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന ഈ കാലഘട്ടത്തിൽ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും യുവജനസാക്ഷികളെ ഉയർത്തിക്കൊണ്ടുവരുക എന്നത് യുവജനങ്ങളുടെയും സഭയുടെയും സമൂഹത്തിന്റെയും ആവശ്യമാണ്. സമൂഹത്തിൽ ശബ്ദമില്ലാത്തവരുടെ ശബ്ദമായി മാറുവാനുള്ള യുവജനങ്ങളുടെ ദൗത്യം എക്കാലത്തേക്കാളും ഇന്ന് ആവശ്യമായിരിക്കുന്നു. ഇതിനായി ജീവിതമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു സമൂഹത്തിന്റെ ഉയിർത്തെഴുന്നേൽപ് യുവജനങ്ങളിലൂടെ സാധ്യമാകണം.

ഹൃദയവിശുദ്ധയുള്ളവരായി, ദൈവത്തെയും മനുഷ്യനെയും പ്രകൃതിയെയും സ്നേഹിക്കുകയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു തലമുറയുടെ അഭാവം ഈ കാലഘട്ടത്തിന്റെ ശോചനീയാവസ്ഥയാണ്. ഈ കാലഘട്ടത്തിൽ സന്തോഷത്തിന്റെ സാക്ഷികളാകുവാൻ മാർപാപ്പ മുൻപോട്ടുവയ്ക്കുന്ന പത്തു നിർദേശങ്ങൾ യുവജനങ്ങളും യുവജനശുശ്രൂഷയിൽ ഏർപ്പെടുന്ന ഏവരും പ്രാവർത്തികമാക്കേണ്ടതാണ്. ജീവിക്കുക ജീവിക്കാനനുവദിക്കുക, നിങ്ങളെ മറ്റുള്ളവർക്കായി നൽകുക, ജീവിതത്തിൽ ശാന്തത കൈവെടിയാതിരിക്കുക, ഒഴിവുവേളകൾ ആരോഗ്യകരമായി ചെലവഴിക്കുക, ഞായറാഴ്ചകൾ കുടുംബത്തിനായി മാറ്റിവയ്ക്കുക, യുവജനങ്ങളെ പ്രചോദനപരമായ മാന്യതയുള്ള ജോലികളിൽ ഉൾപ്പെടുത്തുക, പ്രകൃതിയോട് ബഹുമാ

നമുള്ളവരായിരിക്കുക, നിഷേധാത്മകമായി പ്രതികരിക്കാതിരിക്കുക, മത സ്വാതന്ത്ര്യത്തെ ഹനിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കുക, സമാ ധാനത്തിനുവേണ്ടി പ്രവർത്തിക്കുക എന്നിവയാണ് ആ പത്തു നിർദേശങ്ങൾ.

**ഉപസംഹാരം**

ലോകത്തെ വിളിച്ചുണർത്താൻ വിളിക്കപ്പെട്ട യുവജനങ്ങളുടെ ചൈതന്യം സമർപ്പിതചൈതന്യമാണ്. ഈ വർഷത്തെ യുവജനദിന ചിന്തകൾക്കാധാര മായ ''ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും'' എന്ന തിരുവചനവാക്യം സമർപ്പിത ചൈതന്യത്താൽ നിറഞ്ഞ യുവജനഹൃ ദയത്തിന്റെ നേർക്കാഴ്ചയാണ്. ഓരോ യുവജനദിനാഘോഷവും യുവജന ങ്ങളിലൂടെ നവീകരിക്കപ്പെടുന്ന പുതുലോകത്തിലേക്കുള്ള പ്രയാണത്തിന്റെ ഓർമ്മപ്പെടുത്തലാവണം. എല്ലാ യുവജനങ്ങൾക്കും യുവജനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ

**ബിഷപ്പ് തോമസ് മാർ അന്തോണിയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ

പി.ഒ.സി.,
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി
04.06.2015

Ref: 2857/K-5/KCBC/OL/DS

 ERNAKULAM-ANGAMALY ARCHDIOCESAN BULLETIN എറണാകുളം മിസ്സം

# കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ

*(കേരളത്തിലെ റെഗുലർ ഇംഗ്ലീഷ്-മലയാളം വിദ്യാലയങ്ങളിൽ മൂല്യബോധന ക്ലാസ്സുകൾ ക്രമീകരിക്കുന്നതു സംബന്ധിച്ച് കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ ബന്ധപ്പെട്ടവർക്ക് നല്കുന്ന നിർദ്ദേശങ്ങൾ)*

അഭിവന്ദ്യ പിതാക്കന്മാരേ, സമർപ്പിത സമൂഹശ്രേഷ്ഠരേ, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന വന്ദ്യവൈദികരേ, ബഹുമാനപ്പെട്ട സഹോദരിമാരേ, സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ശുശ്രൂഷകരേ,

പരിശുദ്ധ കത്തോലിക്കാസഭ മനുഷ്യവർഗ്ഗം മുഴുവന്റെയും അമ്മയാണ്. ആ നിലയിൽ മക്കളുടെ ഓരോ ചുവടുവയ്പും അതീവ ജാഗ്രതയോടും താത്പര്യത്തോടും കൂടിയാണ് സഭ നോക്കിക്കാണുന്നത്. ചെറുപ്രായത്തിൽ തന്നെ ഓരോ വ്യക്തിയും ജീവിതത്തിൽ അനുവർത്തിക്കേണ്ടതായ ധാർമ്മികമൂല്യങ്ങളെക്കുറിച്ച് അറിവുള്ളവരായി വളരണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. അദ്ധ്യാപകർക്കാണ് മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കാൻ കഴിയുന്നത്. അവർ മാതാപിതാക്കളുടെ സഹകാരികളെന്ന നിലയ്ക്കും സാമൂഹികജീവിതക്രമം പരിശീലിപ്പിക്കുന്നവരെന്നനിലയ്ക്കും കുട്ടികളുടെ ചിന്തകളെയും വാക്കുകളെയും ചലനങ്ങളെയും ഏറെ സ്വാധീനിക്കാൻ പോന്നവരാണ്. സഭ അദ്ധ്യാപകരുടെ നിസ്തുലവും നിർമ്മലവുമായ അർപ്പണത്തെ എല്ലാക്കാലത്തും വിലമതിച്ചിട്ടുണ്ട്. ഇന്നും അദ്ധ്യാപക സമൂഹത്തോടു സഭയ്ക്ക് അതിരറ്റ വാത്സല്യവും ആദരവുമാണുള്ളത്. അദ്ധ്യാപകർ മനസ്സറിഞ്ഞു കുട്ടികളുടെ ജീവിതത്തെ സ്പർശിച്ചാൽ വിദ്യാർത്ഥികൾ കുറ്റമറ്റവരാകും. നാടിന്റെ ശ്രേയസ്സിനും മനുഷ്യർ തമ്മിലുള്ള സമാധാനപൂർണ്ണമായ സഹവർത്തിത്വത്തിനും ഉതകുന്നവരായി വളരും. ഏല്പിക്കപ്പെട്ട വിഷയങ്ങൾ പഠിപ്പിച്ച് തീർക്കുകയും പരീക്ഷകൾ നടത്തി ക്ലാസ്സ് കയറ്റി വിടുകയും ചെയ്യുകയെന്ന സാമാന്യരീതിയിൽനിന്ന് ജീവസ്സുറ്റ അദ്ധ്യാപന പ്രക്രിയയിലേക്ക് അദ്ധ്യാപകസമൂഹം ഉയർന്നു വരണം.

അവരവരുടെ വിഷയങ്ങൾ ക്ലാസ്സ് മുറികളിൽ കൈകാര്യം ചെയ്യുമ്പോൾത്തന്നെ വിവേകികളായ അദ്ധ്യാപകർ ജീവിതമൂല്യങ്ങൾ കുട്ടികളിലേയ്ക്ക് സന്നിവേശിപ്പിക്കും. എന്നാൽ പാഠഭാഗം തീർക്കാനുള്ള വ്യഗ്രതയും മറ്റ് ഉത്തരവാദിത്വങ്ങൾ സൃഷ്ടിക്കുന്ന ബദ്ധപ്പാടും പല അദ്ധ്യാപകരെയും കാതലായ ഈ ദൗത്യം നിർവ്വഹിക്കുന്നതിൽ വീഴ്ചയുള്ളവരാക്കുന്നു.

മൂല്യബോധനം നൽകേണ്ടതിന്റെ പ്രാധാന്യം എല്ലാവരെയും ഓർമ്മപ്പെടുത്തുന്നതിനും ഒരു നിശ്ചിതസമയം അതിനുവേണ്ടി മാറ്റിവയ്ക്കാൻ പ്രേരിപ്പി

ക്കുന്നതിനും വേണ്ടി കത്തോലിക്കാ വിദ്യാലയങ്ങളിൽ മൂല്യബോധനക്ലാസ്സുകൾ നിർബന്ധമായും നടത്തണമെന്ന് കേരളത്തിലെ മെത്രാൻസമിതി തീരുമാനിക്കുകയുണ്ടായി. അതിനെക്കുറിച്ച് കഴിഞ്ഞ വർഷം ഞാൻ നിങ്ങൾക്കെഴുതിയിരുന്നത് ഓർമ്മിക്കുമല്ലോ. ഈ അക്കാദമിക വർഷം മുതൽ നമ്മുടെ എല്ലാ വിദ്യാലയങ്ങളിലും മൂല്യബോധനക്ലാസ്സുകൾ നടത്താൻ സമയം നിശ്ചയിക്കണം. മാത്രമല്ല പി.ഒ.സി. തയ്യാറാക്കി പ്രസിദ്ധം ചെയ്തിട്ടുള്ള പാഠപുസ്തകങ്ങൾ (ഇംഗ്ലീഷ്/മലയാളം) അതിനുപയോഗിക്കുകയും വേണം. അപ്രകാരം എല്ലാവരും ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷനെയാണ് മെത്രാൻ സമിതി ചുമതലപ്പെടുത്തിയിരിക്കുന്നത്.

റെഗുലർ വിദ്യാലയങ്ങളിലെ മൂല്യബോധനക്ലാസ്സുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ പി.ഒ.സി.യിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നതിനും വിദ്യാഭ്യാസകമ്മീഷൻ തയ്യാറാക്കുന്ന ചോദ്യപേപ്പറുകൾ വാങ്ങി യഥാസമയം പരീക്ഷകൾ നടത്തുന്നതിനും ഉത്തരവാദിത്വപ്പെട്ട വൈദികനെ രൂപതകളിൽ നിയമിക്കാൻ അഭിവന്ദ്യ പിതാക്കന്മാർ ശ്രദ്ധിക്കുമല്ലോ. ചില രൂപതകളിൽ ഇപ്പോൾത്തന്നെ ഇക്കാര്യം നിർവ്വഹിക്കുന്നതിന് മതബോധന ഡയറക്ടറെയോ കോർപ്പറേറ്റ് മാനേജുമെന്റ് സെക്രട്ടറിയെയോ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് മറ്റുള്ളവർക്കും അനുകരിക്കാവുന്നതാണ്. ഏകതാനമായവിധം ഈ പ്രേഷിതപ്രവർത്തനം നടത്തുന്നതിന് കേന്ദ്രീകൃത സംവിധാനം ആവശ്യമാണ്. എയ്ഡഡ്, മലയാളം-ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ്, സി.ബി.എസ്.സി, ഐ.സി.എസ്.സി, വിദ്യാലയങ്ങളുടെ ചുമതലക്കാർ അതാതു രൂപതകളിൽ ഇക്കാര്യത്തിനായി ഉത്തരവാദിത്വപ്പെട്ട വൈദികനോട് സഹകരിച്ച് പ്രവർത്തിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇതിനോടകം തന്നെ പല രൂപതകളിലെയും വിദ്യാലയങ്ങളിൽ മൂല്യബോധനക്ലാസ്സുകൾ തുടങ്ങിയിട്ടുണ്ടെന്നറിയുന്നതിൽ സന്തോഷം. ചിലരെങ്കിലും കഴിഞ്ഞ വർഷത്തെ നിർദ്ദേശം മറന്നുകൊണ്ട് മറ്റ് ഏജൻസികളുടെ പുസ്തകങ്ങളാണ് ഉപയോഗിക്കുന്നതെന്നും അറിയുന്നു. അങ്ങനെയാണെങ്കിൽ അടുത്ത അക്കാദമിക വർഷം മുതൽ എല്ലാവരും പി.ഒ.സി.യുടെ പുസ്തകങ്ങൾ തന്നെ ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഏതു മാനേജുമെന്റിലെ വിദ്യാലയങ്ങളിലും ഉപയോഗിക്കാൻ യോജിച്ചവിധം തയ്യാറാക്കപ്പെട്ടിട്ടുള്ളതാണ് ഈ പുസ്തകങ്ങൾ.

ജനുവരി മൂന്നാം വാരത്തിലെ ഒരു ദിവസം (തീയതി പിന്നീട് അറിയിക്കുന്നതാണ്) ഒരേ സമയത്തു തന്നെ എല്ലാ വിദ്യാലയങ്ങളിലും പരീക്ഷകൾ നടത്തേണ്ടതാണ്. കമ്മീഷൻ നിശ്ചയിച്ചറിയിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി അർഹിക്കുന്നവർക്ക് പ്രോത്സാഹനസമ്മാനങ്ങൾ നൽകുന്നതായിരിക്കും. മാനേജുമെന്റുകളും അദ്ധ്യാപക-അനദ്ധ്യാപക ശുശ്രൂഷകരും ഈ ദൗത്യത്തിൽ കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷനോട് നിർലോപം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ മാന്യരും മൂല്യാധിഷ്ഠിത നിലപാടുകൾ സ്വീകരിക്കുന്നവരുമായി സാമൂഹിക ജീവിത വഴിത്താരകളിൽ സേവനനിരതരാകുമ്പോഴാണ് നാം നമ്മുടെ ദൗത്യത്തിൽ വിജയിക്കുന്നത്. കേവലം വിഷയാധിഷ്ഠിത അദ്ധ്യാപനത്തിനുപരിയായി നമ്മുടെ വിദ്യാർത്ഥികൾ ഉത്തരവാദിത്വമുള്ളവരും പൊതുനന്മയ്ക്കായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുമാകണമെന്ന താത്പര്യത്തോടെ സാമൂഹികജീവിതത്തിൽ അവർ ഭാഗഭാഗക്കുകളാകുന്നതിന് ഉതകുന്ന അദ്ധ്യാപനരീതിയാണ് അവലംബിക്കേണ്ടത്.

അഴിമതിയും ധൂർത്തും ലൈംഗികാസക്തിയുടെ ദുരുപയോഗവും  മദ്യവും ലഹരിയും കൊള്ളയും കൊലപാതകവും തജ്ജന്യമായ മറ്റു തിന്മകളും നമ്മുടെ സമൂഹത്തിൽ ആപത്കരമായി വർദ്ധിക്കുകയാണെന്ന വസ്തുത മറക്കരുത്. കത്തോലിക്കാമാനേജുമെന്റുകളും അദ്ധ്യാപകരും ആത്മാർത്ഥതയോടെ സ്ഥിരപരിശ്രമം ചെയ്താൽ ഈ തിന്മകളൊക്കെയും കുറയ്ക്കുവാൻ സാധിക്കും. അതിനുള്ള ആദ്യചുവടെന്ന നിലയിൽ മൂല്യബോധനക്ലാസ്സുകൾ ചിട്ടയായും ക്രമമായും നിഷ്ഠയോടെ നടപ്പിലാക്കാൻ നമുക്കു പ്രതിജ്ഞാബദ്ധരാകാം.

വിദ്യാഭ്യാസശുശ്രൂഷാമേഖലയിൽ നിങ്ങൾ നല്കി വരുന്ന നിസ്വാർത്ഥ സേവനങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു.

കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷന്റെ പ്രവർത്തനങ്ങളിൽ നിങ്ങൾ കാണിക്കുന്ന താത്പര്യത്തിനും സഹകരണത്തിനും ആത്മാർത്ഥതയോടെ കൃതജ്ഞത പ്രകാശിപ്പിക്കുന്നു. നാമെല്ലാവരും ഒരേ ലക്ഷ്യത്തിനു വേണ്ടി പ്രവർത്തിക്കുന്നവരാകയാൽ പരസ്പര ബഹുമാനത്തോടും സഹകരണത്തോടും കൂടി ഒരുമിച്ചു മുന്നേറാം. അതിന് നമ്മുടെ നാഥനും കർത്താവുമായ ഈശോമിശിഹാ നമ്മെ അനുഗ്രഹിക്കട്ടെ.

**ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്,**
ചെയർമാൻ, കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ

11-06-2015 സർക്കുലർ നമ്പർ കെ.സി.ബി.സി./ഇ.സി./03/2015

സമർപ്പിതവിചാരങ്ങൾ (7)



# നിങ്ങൾക്ക് എന്നെ കൊല്ലാം... നശിപ്പിക്കാനാവില്ല.

പുഴുക്കളെപ്പോലെ ജനിച്ച്, മൃഗതുല്യമായ ജീവിതം എങ്ങിനെയെങ്കിലും കഴിച്ചുകൂട്ടി, ജീവിതത്തിന്റെ നിറങ്ങളും ഭാവങ്ങളും ഒന്നുമറിയാതെ അലച്ചിലിൽ മരിച്ചുവീഴുന്ന ജീവിതങ്ങളെ ഓർത്താണ് ആ ഇടയൻ നിരന്തരം വചനപ്രഘോഷണം നടത്തിയതും ബലിവേദിയിൽനിന്ന് കരഞ്ഞതും. വെടിയുണ്ടയേറ്റതും ഒരു വചനപ്രഘോഷണത്തിന്റെ അന്ത്യത്തിലായിരുന്നു. ആ ജീവിതത്തെ കഴിഞ്ഞമാസം, വലിയ മുക്കുവൻ വാഴ്ത്തപ്പെട്ടവനാക്കി. ആ നിമിഷമെന്നത് സത്യത്തിന്റെ ഇടമുറിയാതെ ഒഴുകിയെത്തുന്ന തെളിനീർജലം, തിരുസഭാമാതാവിന്റെ ദാഹശമനത്തിന് ഉതകുന്നതായി. അവിടെ പ്രഘോഷിക്കപ്പെട്ടതായ സത്യം: വചനം പ്രസംഗിക്കുവാനും, സുവിശേഷവത്കരിക്കുവാനുമുള്ള ഉത്തരവാദിത്ത്വത്തോടൊപ്പം പ്രധാനപ്പെട്ടതാണ് സത്യവും, നീതിയും, നന്മയും നിറഞ്ഞ ഒരു ലോക സൃഷ്ടിക്കുവേണ്ടി അദ്ധ്വാനിക്കുകയെന്നുള്ളത്. അതിനായി വിശുദ്ധിയിലേക്ക് വിളി ലഭിച്ച ഒരു സമർപ്പിതൻ/സമർപ്പിത അനീതിയോടും ചൂഷണത്തോടും സന്ധിയില്ലാസമരം പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. ഒരേ മേശയിൽനിന്ന് അപ്പം ഭക്ഷിക്കുന്നവർക്കിടയിൽ ആദ്യമേതന്നെ വിശപ്പിന്റെ വിളി ഉന്മൂലനം ചെയ്യുവാൻ പരിശ്രമം ആരംഭിക്കേണ്ടിയിരിക്കുന്നു.

ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ സഭയിൽ എന്നും നീതിക്കുവേണ്ടിയുള്ള ശബ്ദങ്ങൾ ഉയർന്നിരുന്നു.പ്രവാചക ശബ്ദങ്ങൾ സഭക്ക് ഒരിക്കലും അന്യമായിരുന്നിട്ടില്ല. പക്ഷേ അപകടം പിടിച്ച ഒരു ചിന്ത: നീതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ എല്ലാവർക്കും വേണ്ടിയുള്ളതല്ല. അത് പ്രത്യേകമായി വിളിക്കപ്പെട്ട ചിലർക്കുള്ള സഹനത്തിന്റെ വഴിയാണെന്നുള്ളതാണ്. ഓസ്കർ റൊമേരോയെ വാഴ്ത്തപ്പെട്ടവനാക്കിയതിലൂടെ ആ ചിന്ത സമർത്ഥനീയമായ, സാധൂകരിക്കുവാൻപോന്ന ഒന്നല്ല എന്ന് സഭ തെളിയിച്ചരിക്കുന്നു.

ഭാഗ്യസ്മരണാർഹനായ പോൾ ആറാമൻ മാർപാപ്പയാണ് തന്റെ പ്രഖ്യാപിതമായ ചാക്രിക ലേഖനത്തിലൂടെ, 1967 – ൽ, സുവിശേഷവത്കരണവും നീതിക്കുവേണ്ടിയുള്ള പ്രവർത്തനവും രണ്ട് വഴികളല്ല, ഒന്ന്തന്നെയാണെന്ന് ഊന്നിപ്പറഞ്ഞത്. അതിനുശേഷം നീതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ രണ്ടടി മുന്നോട്ട് പോകുമ്പോൾ ഒരടി പിറകോട്ട് പോകുന്നതായിട്ടാണ് കണ്ടിട്ടുള്ളത്. റൊമേരോയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാ

പിക്കുമ്പോൾ രണ്ട് കൈവഴികളും ഒന്നാകണമെന്ന സഭാമാതാവിന്റെ അദമ്യമായ ദാഹ മാണ് ഫ്രാൻസീസ് പിതാവിലൂടെ പ്രകടമായത്. ആ രക്തസാക്ഷിയോ, ജീവിക്കുന്ന ഒരു സൂചനയും. നമ്മുടെ നാട്ടിലേക്ക് വരുന്ന തൊഴിലാളികൾക്കുവേണ്ടി വിശ്വാസ പ്രഘോഷണവും, ദിവ്യബലിയും നടത്തുന്നതോടൊപ്പം, അവർക്കു നീതി ലഭിക്കു വാൻവേണ്ടി അനേകം സന്യാസിനി സഹോദരിമാരും, വൈദികരും, ബ്രദേഴ്സും, അൽമായരും വിശ്വാസതീക്ഷണതയോടെ അദ്ധ്വാനിക്കുന്നത് ഞാൻ ഇവിടെ സ്നേഹ ത്തോടെ ഓർക്കുന്നു.

റൊമേരോ കൊല്ലപ്പെട്ടത് നീതിക്കുവേണ്ടി നിലകൊണ്ടതുമൂലമാണ്. മറ്റൊരുവാക്കിൽ അദ്ദേ ഹത്തിന്റെ വിശ്വാസജീവിതത്തെയാണ് അവർ വെടിവച്ച് വീഴ്ത്തിയത്. അതുകൊണ്ട് സമൂ ഹത്തിന്റെ പുറമ്പോക്കിൽ വീണുപതിച്ച ഒരു ജീവിതമല്ല അദ്ദേഹത്തിന്റേത്, പ്രത്യുത സഭാ ഗാത്രത്തിന്റെ ഒത്തനടുവിൽ, സഭയാകുന്ന നീരരുവിയുടെ പ്രധാന ഭാഗത്ത് വീണുടഞ്ഞ ഒരു ജീവിതമാണത്. ഇത് മനസ്സിലാക്കുമ്പോൾ പലരും അസ്വസ്ഥരായിമാറാറുണ്ട്. കാരണം, അദ്ദേഹത്തിന്റെ വിശുദ്ധിയാർന്ന ജീവിതത്തിന് സഭ നൽകിയ അംഗീകാരമാ ണെന്ന് പറഞ്ഞ് വിശ്വാസജീവിതത്തിന്റെ ചുവടുപിടിച്ച്, നീതിക്കുവേണ്ടി അദ്ദേഹം നട ത്തിയ സഹന, പ്രധിരോധ, സമരങ്ങൾക്ക് മൂടുപടമിടാനുള്ള പരിശ്രമങ്ങൾ സഭാശ്രേ ണിയിൽപോലും ചിലപ്പോൾ നാം കണ്ടേക്കാം. കാരണം കർത്താവിന്റെ മേശയിൽനിന്ന് അപ്പം ഭക്ഷിക്കുന്ന അവസരത്തിൽപോലും, താൻനടത്തുന്ന ബിസിനസ്സിന്റെ സത്യനീ തിമാനങ്ങൾ ചോദ്യപ്പെടാൻ സഭാമക്കളിൽ പലരും തയ്യാറല്ലപോലും!!

അവിടെയാണ് സമർപ്പിതരുടെ ഭാഗം തെളിഞ്ഞുവരിക. Metanoia എന്ന ഗ്രീക്കു പദം തന്നെ തെക്കോട്ട് നടക്കുന്നവനോട് നേരേ എതിർദിശയായ വടക്കോട്ട് നടക്കു വാനുള്ള ആഹ്വാനമാണല്ലോ അത്. ആത്മാവിന്റെ രക്ഷയുടെ ഒരു പുനഃർവായന നമുക്കാവശ്യമായിവരുന്നു. ആത്മാവിന്റെ രക്ഷക്കുവേണ്ടി കൂദാശാജീവിതത്തെ തളച്ചിടുമ്പോൾ, പ്രാർത്ഥനകളും നൊവേനകളും, ആത്മസാക്ഷാത്കാരത്തിന് വേണ്ടി മാത്രമുള്ള നിയോഗങ്ങളായി മാറുമ്പോൾ നാം ഓർമിക്കുക: നമ്മുടെ കുർബാന കളും, കൂദാശകളും, നമ്മുടെ ആരാധനയും, കുടുംബകൂട്ടായ്മയും, ജീവകാരുണ്യ പ്രവർത്തികളും, നീതി സമൃദ്ധമായി ഒഴുകുവാനായി ദൈവം നല്കിയിട്ടുള്ള കൃപ കളാണ്. ആ മാനം പ്രസംഗപീഠത്തിൽ നിന്ന് പ്രഘോഷിക്കപ്പെടണം; ക്ലാസ്സ്മുറിക ളിൽ ആവർത്തിക്കപ്പെടണം; കുടുംബകൂട്ടായ്മകളിൽ ചർച്ചക്ക് വിഷയമാക്കപ്പെട ണം. സാധാരണ ജനങ്ങളുടെ കുടിവെള്ളത്തിൽ വിഷം കലർത്തുന്ന ദ്രാവകങ്ങൾ പുഴയിലേക്കൊഴുക്കിവിടുന്ന കമ്പനികൾ നമ്മുടെ ഇടവകാതിർത്തിയിലുണ്ടെങ്കിൽ, അതും നമ്മുടെ കുടുംബകൂട്ടായ്മകളുടെ ചർച്ചകളുടെ ഭാഗമാകുമ്പോഴേ, സുവി ശേഷവത്ക്കരണം അതിന്റെ ചൂടിലും ചൂരിലും നമ്മുടെ മാംസത്തിന്റെയും മജ്ജ യുടേയും ഭാഗമാകുകയുള്ളൂ.

2015-ൽ നമ്മൾ ദർശിക്കുന്ന സങ്കടപ്പെടുത്തുന്ന വലിയൊരു യാഥാർത്ഥ്യം, ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വിടവ് വലിയൊരു ഗർത്തമായി മാറിയിരിക്കുന്ന അവസ്ഥ

യാണ്. തങ്ങൾ ജീവിക്കുന്ന രാജ്യങ്ങളിലെ നരകജീവിതം മടുത്ത് അനേകർ തങ്ങളുടെ നാടും വീടും വിട്ട് മറ്റുരാജ്യങ്ങളുടെ വാതിലുകളിൽ മുട്ടുന്ന അതിദയനീയമായ കഥകൾ നാം ദിവസവും വായിച്ചുകേൾക്കുന്നു. അതുകൊണ്ടുതന്നെ ലോകമെമ്പാടുമുള്ള സമർപ്പിതരും, ക്രൈസ്തവരും ഒരു മടക്കയാത്രയ്ക്ക് ഒരുങ്ങുകയാണ് - സുവിശേഷങ്ങളിലേക്കുള്ള മടക്കയാത്ര. അവിടെ വിശ്വാസത്തേയും നീതിയേയും കൂട്ടിപ്പിടിച്ച, വലിയ തച്ചനെ നമ്മൾ കാണുന്നു. ദൈവത്തിന്റെ മനമറിയുക എന്നു പറഞ്ഞാൽ നീതിയുടെ പ്രവർത്തികളാൽ സമലംകൃതനാകുകയാണെന്ന് അവിടന്ന് സക്കേവൂസിനോട് പറഞ്ഞു. ദൈവത്തെ സ്നേഹിക്കുക എന്നു പറഞ്ഞാൽ, സഹോദരീസഹോദരന്മാർക്ക് നീതി നടത്തിക്കൊടുക്കുന്ന സംവിധാനത്തിൽ പങ്കാളികളാകുക എന്നാണർത്ഥം. വിധവയുടെ കൊച്ചുകാശു വീഴുന്ന ദേവാലയം, അന്വേഷകരുടെ ദാഹം തീർക്കുന്ന വിശ്വാസകിണറാകണമെന്ന് അവിടന്ന് ശഠിച്ചു. യൂദാസിനുപോലും നീതി പകർന്നുകൊടുക്കുവാൻ അവിടന്ന് മടിച്ചില്ല. അതാണല്ലോ നാം അവിടത്തെ 'ലോകരക്ഷകൻ' എന്ന് വിളിക്കുന്നത്.

ഈ വിളി തിരിച്ചറിയുന്ന സമർപ്പിതർ കൂടി വരുകയാണിവിടെ. നീതിയുടെ സംസ്കാരം തൊഴിലാളികളുടെ ഇടയിലും, തൊഴിലുടമയുടെ ഇടയിലും വളർത്തുവാൻ, നീതിയുടെ ശബ്ദമായി അരമനയിലും അങ്ങാടിയിലും മാറുവാൻ, നീതി നിഷേധിക്കപ്പെടുന്നിടത്ത് ശാന്തതയോടെ, കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുവാൻ ആഴമായ വിശ്വാസം കൂടിയേ തീരൂ. വിശ്വാസത്തിന്റെ പ്രവൃത്തികൾ നീതിയിലേക്കും, നീതിയുടെ ചുവടുവയ്പ്പുകൾ ആഴമായ വിശ്വാസത്തിലേക്കും സമർപ്പിതരെ നയിക്കുന്ന നാളുകൾ സമാഗതമാകുന്നു. ഈ യാത്രയിൽ മരണം പലപ്പോഴും അനിവാര്യത മാത്രം.. അവർക്ക് നമ്മെ കൊല്ലാം. എന്നാൽ, നശിപ്പിക്കാനാവില്ല. ഗോതമ്പ്മണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ പിന്നെ എങ്ങനെ ജീവദാതാവാകാൻ പറ്റും?

**സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ്**


# വിമെൻ വെൽഫെയർ സർവ്വീസസ്

## പുതിയ അതിരൂപതാ ഭാരവാഹികൾ (2015–2017)

| | | |
|---|---|---|
| പ്രസിഡന്റ് | : | റവ. സി. ആനി ഗ്രെയ്സ് സി.എം.സി. |
| വൈസ് പ്രസിഡന്റ് | : | ശ്രീമതി മീര അവറാച്ചൻ |
| സെക്രട്ടറി | : | ഡോ. കെ. വി. റീത്താമ്മ |
| ജോയിന്റ് സെക്രട്ടറി | : | ശ്രീമതി മിനി ദേവസ്സി |
| ട്രഷറർ | : | ശ്രീമതി ഷേർളി ജോൺ |
| ജോയിന്റ് ട്രഷറർ | : | ശ്രീമതി ആനി സേവ്യർ |

പുതിയ ഭാരവാഹികൾക്ക് എല്ലാവിധ ഭാവുകങ്ങളും, ആശംസകളും നേരുന്നു!!!

# പിതാക്കന്മാരുടെ ശുശ്രൂഷകൾ



## Archbishop George Cardinal Alencherry

### JULY 2015

| | | | |
|---|---|---|---|
| 1 | | Niveditha | Priests' Retreat |
| 2 | | Niveditha | Priests' Retreat |
| 3 | | Mount St. Thomas | St. Thomas Day Celebration |
| 5 | pm | Vazhakala | Church Blessing |
| 8 | am | Mount St. Thomas | Deepika Apex Body Meeting |
| | pm | Mount St. Thomas | BMC Academic Planning |
| 9-10 | | Bangalore | NB CLC |
| 11 | am | Chittoor | Catechism Teachers' Convention |
| 13 | pm | Mount St. Thomas | Meeting, Clergy Commission |
| 16 | pm | Thaikkattukara | Holy Mass, CMC Generalate |
| | | Bishop's House | Finance Council Meeting |
| 18 | am | Niveditha | Provincials' Team Meet |
| 19 | | Kothamangalam | Eparchial Assembly |
| 21 | | Thiruvalla | Oriental Code Silver Jubilee |
| 22 to 28 | | Kanjirapilly | PDS |
| 29 | pm | Chunagamvely | Holy Mass, SD Mother House |
| | | Bishop's House | Priests' Gathering |
| 30 | am | Mount St Thomas | Family Councellors' Meeting |
| 31 | am | Muringoor | Holy Mass, International Youth Convention |

### AUGUST 2015

| | | | |
|---|---|---|---|
| 1 | am | S.H. Minor Seminary | Vianney Day + Parents' day |
| 2 | | Palarivattom | Vocation Day Celebration |

| | | | |
|---|---|---|---|
| 4 to8 | am | Basilica Ekm. | Vianney Day Celebration<br>K.C.B.C. Retreat |
| 8 | pm | Angamaly | A.K.C.C. |
| 9 | pm | Aluva | St. Dominic Church- 200th Jubilee |



## Bishop Sebastian Adayanthrath

### JULY 2015

| | | | |
|---|---|---|---|
| 1 | pm | Bishop's House<br>Bishop's House | Meeting, Elamkuttichira Trust<br>Meeting, Kripalayam |
| 2 | am<br>pm | Basilica Ekm.<br>Bishop's House<br>Bishop's House | Marriage Blessing<br>Meeting, Mukthisadan<br>Mahajubilee Trust |
| 3 | pm | Kuruppam | Holy Mass & Meeting |
| 4 | pm | Bishop's House | BM - B. M.C. |
| 6 | pm | Kacherippady | Therapy Centre Blessing |
| 7 | am<br>pm | Thrikkakara<br>Bishop's House<br>Bishop's House | Academic Year Inauguration - BMC<br>BM - NSM<br>BM - Viani |
| 8 | am | Ponnurunni | Ashakiranam Volunteers' Meet |
| 11 | pm | Renewal Centre<br>Bishop's House | Catechism Convention + DCMS<br>BM - Ponnurunni |
| 12 | am | Santipuram | Blessing + Holy Mass |
| 13 | pm | Bishop's House<br>Bishop's house | BM - NIMIT Pongam<br>Naipunnya, Kochi |
| 14 | | Kakkanad | Ongoing Formation, Clergy |
| 15 | | Kakkanad | Ongoing Formation, Clergy |
| 16 | am<br>pm | Bishop's House<br>Thrikkakara<br>Bishop's House | BM - Chittoor Retreat Centre<br>Management Institute Inaguration<br>Finance Council Meeting |

| | | | |
|---|---|---|---|
| 17 | pm | Bishop's House | BM - Subodhana |
| | | Bishop's House | BM - Renewal Centre |
| 18 | | Niveditha | Provincial Team Meet |
| 19 | am | Kadamakkudy | Holy Mass & Blessing |
| 20 | pm | Bishop's House | BM - Corporate Education Agency |
| | | Bishop's House | BM - Naipunnya Welfare |
| 21 -22 | | Bangalore | Seminary Visit |
| 24 | | Aluva | C.S.T. Seminary Visit |
| 25 | am | Poonithura | Holy Mass |
| | pm | Nadel | Holy Mass |
| 26 | pm | S. Vazakulam | Holy Mass & Meeting |
| 27 | am | Bishop's House | BM - St. Francis Assisi School |
| | pm | Kottayam | Seminary Visit, Vadavathoor |
| 28 | am | Kottayam | Seminary Visit, Vadavathoor |
| 29 | | Bishop's House | Priests' Meeting |
| 30 | am | Parappuram | Profession, DSHJ Sisters |
| | pm | Bishop's House | BM - NPS, Edakunnu |
| 31 | pm | Bishop's House | BM - Lisie Hospital |

## AUGUST 2015

| | | | |
|---|---|---|---|
| 1 | am | Bishop's House | BM - St. Joseph's ITC |
| 2 | am | Kadavanthra | Meeting |
| | pm | Choondy | Bible Course Inauguration |
| 3 | pm | Bishop's House | BM - L.F. Hospital |
| 4 | am | Basilica Ekm | Vianney Day |
| 4 to 8 | | Kakkanad | K.C.B.C. Retreat |
| 10 | am | Bishop's House | BM - Matha Nagar School |
| | pm | Bishop's House | BM - Welfare Vaikom |



## Bishop Jose Puthenveettil

### JUNE 2015

| | | | |
|---|---|---|---|
| 1 | am | B.Ed. College Ekm. | New Batch Inaguration |
| | pm | Thrikkakara | Minor Seminary - Class |
| 2 | am | Kakkanad | Meeting |
| | pm | Bishop’s House | Mahajubilee Trust |
| 3 | am | Kottakkavu | Holy Mass |
| | pm | Thattupara | Hoily Mass |
| 4 | am | Renewal Centre | Ecumenical Meeting |
| | pm | Prasannapuram | Holy Mass & Cemetery Blessing |
| 5 | pm | Basilica Ekm | Marriage Blessing |
| | | Vilangu | Holy Mass, Meeting |
| 6 | | Bishop’s House | Engaged |
| 7 | am | Renewal Centre | Holy Mass, Sacristans’ Retreat |
| | pm | Bishop’s House | BM - NSM |
| | | Bishop’s House | BM - Viani |
| 8 | pm | Renewal Centre | Bible Course Inauguration |
| 09 to 10 | | Bangalore | Meeting |
| 11 | | Renewal Centre | Catechism Convention |
| 12 | am | Njaralloor | Holy Mass & Confirmation |
| 13 | pm | Bishop’s House | BM, NIMIT, Pongam |
| | | Bishop’s House | BM, Naipunnya, Kochi. |
| 15 | pm | S.H. Study House | Class |
| 16 | pm | Bishop’s House | BM - Chittoor Retreat Centre |
| | | Bishop’s House | Finance Council Meeting |
| 17 | pm | Bishop’s House | BM - Subodhana |
| | | Bishop’s House | BM - Renewal Centre |
| 18 | | Niveditha | Meeting |
| 19 | pm | Palluruthy | Holy Mass & Blessing |

| | | | |
|---|---|---|---|
| 20 | pm | Bishop' House | BM - ITC Cherthala |
| | | Bishop' s House | BM - Naipunnya Welfare |
| 21 | | Trichur | Visitation |
| 22-23 | | Kottayam | Visitation |
| 24 | | Bishop's House | Engaged |
| 25 | am | Choondy | Holy Mass, Final Profession |
| | pm | Punithura | Holy Mass, St. James Convent |
| 27 | am | Bishop's House | BM - St. Francis Assisi School |
| 29 | pm | Bishop's House | Engaged |
| 30 | pm | Bishop's House | BM - NPS Edakunnu |
| | | Bishop's House | BM - BMC |
| 31 | pm | Bishop's House | BM - Lisie Hospital |

## AUGUST 2015

| | | | |
|---|---|---|---|
| 1 | am | Bishop's House | BM - Corporate Education agency |
| | pm | Neeleeswaram | Profession & Jubilee, DCPB Sisters |
| 3 | am | Bishop's House | BM - Niveditha |
| | pm | Bishop's House | BM - L.F. Hospital |
| 4 | am | Basilica Ekm | Vianney Day |
| 4 to 8 | | Kakkanad | K.C.B.C. Retreat |
| 10 | am | Bishop's House | BM - Matha Nagar School |
| | pm | Bishop's House | BM - Welfare Vaikom |

* * * * *

**A Care Home (paid) for the aged** is started at St. Joseph's Convent, Kolengai.

For details, please contact:

Sr. Annie Thomas (Superior)
Mob.: 8943503071, 0484-2747662

## ഗ്രാൻഡ് പാരന്റ്സ് ഡേ ആഘോഷം

ഈശോയുടെ ഗ്രാൻഡ് പാരന്റ്സായ വി. യോവാക്കിമിന്റെയും അന്നയുടെയും തിരുനാൾ ദിനമായ **ജൂലൈ 26-ാം** തിയതി നമ്മുടെ അതിരൂപതയിൽ ഈ വർഷം മുതൽ **'ഗ്രാൻഡ് പാരന്റ്സ് ഡേ'** ആയി ആഘോഷിക്കുവാൻ ആഗ്രഹിക്കുന്നു. കുടുംബങ്ങളിൽ മുതിർന്ന മാതാപിതാക്കൾക്ക് മക്കളും, പേരക്കുട്ടികളും നല്കുന്ന അംഗീകാരത്തേയും ബഹുമാനത്തേയും പ്രോത്സാഹിപ്പിക്കുകയാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം. മുതിർന്ന മാതാപിതാക്കൾ കുടുംബത്തിന്റെയും സഭയുടേയും അമൂല്യ സമ്പത്താണെന്ന സന്ദേശം ഈ ആചരണം വഴി ജനങ്ങൾക്ക് കൈമാറണം. അതിനുവേണ്ടതായ ക്രമീകരണങ്ങൾ അതിരൂപതാ കുടുംബപ്രഷിത കേന്ദ്രത്തിന്റെ സഹകരണത്തോടെ ഇടവകതലങ്ങളിൽ നടത്തുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കണമെന്ന് താത്പര്യപ്പെടുന്നു.

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
**ആർച്ചുബിഷപ്പ്**

## കപ്യാർമാരുടെ വാർഷിക ധ്യാനം

നമ്മുടെ അതിരൂപതയിലെ കപ്യാർമാരുടെ വാർഷിക ധ്യാനം രണ്ട് ബാച്ചുകളിലായി കലൂർ റിന്യുവൽ സെന്ററിൽ 2015 ജൂലൈ മാസത്തിൽ നടത്തപ്പെടുന്നു. പ്രസ്തുത ധ്യാനത്തിലേയ്ക്ക് നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ കപ്യാർമാരെ പറഞ്ഞയയ്ക്കുവാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. ആദ്യ ബാച്ചിൽ സംബന്ധിക്കാത്തവർ രണ്ടാം ബാച്ചിൽ സംബന്ധിക്കുന്നുവെന്ന് വികാരിയച്ചന്മാർ ഉറപ്പുവരുത്തേണ്ടതാണ്.

1-ാം ബാച്ച് : **ജൂലൈ 6 തിങ്കളാഴ്ച്ച രാവിലെ 9.30 മുതൽ 7-ാം തീയതി വൈകിട്ട് 4.00 വരെ.**

ഫൊറോനകൾ: അങ്കമാലി, മഞ്ഞപ്ര, ഇടപ്പള്ളി, മൂക്കന്നൂർ, പള്ളിപ്പുറം, തൃപ്പൂണിത്തുറ, കൊരട്ടി, വല്ലം.

2-ാം ബാച്ച് : **ജൂലൈ 8 ബുധനാഴ്ച രാവിലെ 9.30 മുതൽ 9-ാം തീയതി വൈകിട്ട് 4.00 വരെ.**

ഫൊറോനകൾ: കാഞ്ഞൂർ, ചേർത്തല, എറണാകുളം, കറുകുറ്റി, കിഴക്കമ്പലം, മൂഴിക്കുളം, പറവൂർ, വൈക്കം.

**ഫാ. തോമസ് പെരേപ്പാടൻ (കോ-ഓർഡിനേറ്റർ)**

# വിയാനി ഡേ

വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ **വിശുദ്ധ ജോൺ മരിയ വിയാനി**യുടെ തിരുനാൾ **ആഗസ്റ്റ് 4–ാം തീയതി ചൊവ്വാഴ്ച 10.30–ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്ക**യിൽ ആഘോഷിക്കുന്നു. അന്നേ ദിവസം ജൂബിലേറിയൻസിനെ പ്രത്യേകം ആദരിക്കുന്നതാണ്.

നമ്മുടെ അതിരൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരേയും പ്രത്യേകിച്ച്, ഈ വർഷം സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്ന വൈദികരേയും ഈ ആഘോഷത്തിലേക്കു ഹാർദ്ദമായി ക്ഷണിക്കുന്നു. വിശുദ്ധ കുർബാനയിലും, മീറ്റിംഗിലും പങ്കുചേരുന്നതിന് ബഹു. അച്ചന്മാർ കൃത്യ സമയത്തുതന്നെ എത്തിച്ചേരുമല്ലോ.

# ലിവിംഗ് ടുഗെതർ 2015

നമ്മുടെ അതിരൂപതാ വൈദികർക്കുള്ള ലിവിംഗ് ടുഗെതർ 4 ബാച്ചുകളിലായി കലൂർ റിന്യൂവൽ സെന്ററിൽ നടത്തുന്നു. **എല്ലാ ബാച്ചുകളും ആദ്യ ദിവസം രാവിലെ 10.00–ന് ആരംഭിച്ച് പിറ്റേ ദിവസം ഉച്ചയ്ക്ക് 1.00–ന് അവസാനിക്കുന്നു.** ലിവിംഗ് ടുഗെതറിൽ പങ്കെടുക്കുന്നതിനായി അതിരൂപത വൈദികരെ എല്ലാവരേയും ഹാർദ്ദമായി ക്ഷണിക്കുന്നു.

**ബാച്ച് 1 – സെപ്തം. 2–3 (ബുധൻ–വ്യാഴം)**
**ബാച്ച് 2 – സെപ്തം. 9–10 (ബുധൻ–വ്യാഴം)**
**ബാച്ച് 3 – സെപ്തം. 17–18 (വ്യാഴം–വെള്ളി)**
**ബാച്ച് 4 – സെപ്തം. 29–30 (ചൊവ്വ–ബുധൻ)**

ഈ വർഷത്തെ ലിവിംഗ് ടുഗെതർ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകുന്നത് **ഫാ. പോൾ കരേടൻ (കൺവീനർ), ഫാ. ഷാൻലി ചെർപ്പണത്ത്, ഫാ. റോക്കി മല്പാൻ, ഫാ. ലിന്റോ കാട്ടുപറമ്പിൽ, ഫാ. റിജു മൈനാട്ടിപ്പറമ്പിൽ എന്നിവരാണ്.**

മുൻ ടീം അംഗങ്ങൾക്ക് - **ഫാ. സെബാസ്റ്റ്യൻ തളിയൻ, ഫാ. സിബി പുത്തൻപറമ്പിൽ, ഫാ. മാർട്ടിൻ (ജെറിൻ) പാലത്തിങ്കൽ** - അതിരൂപതയുടെ പേരിൽ പ്രത്യേകം നന്ദി പറയുന്നു.

വിശദ വിവരങ്ങൾ അടുത്ത മാസത്തെ മിസ്സത്തിലൂടെ അറിയിക്കുന്നതാണ്.

**മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**
**പ്രോട്ടോസിഞ്ചെല്ലൂസ്**

# അതിരൂപത വൈദിക സമിതിയുടെ

## 155-ാമത് യോഗ റിപ്പോർട്ട്

വൈദിക സമിതിയുടെ 155-ാം യോഗം 2015 ഫെബ്രുവരി 19 ഉച്ചകഴിഞ്ഞ് 2.30-ന് അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ അദ്ധ്യക്ഷതയിൽ തുടങ്ങി. മാർ ജോസ് പുത്തൻവീട്ടിൽ പിതാവ് ഏവർക്കും സ്വാഗതം ആശംസിച്ചു. ഈ കാലയളവിൽ അതിരൂപതയിൽ അന്തരിച്ച വൈദികരെ അനുസ്മരിച്ചു. റോമിൽ വച്ചു കൂടിയ കുടുംബത്തെക്കുറിച്ചുള്ള മെത്രാന്മാരുടെ സിനഡിനെക്കുറിച്ച് അദ്ധ്യക്ഷ പ്രസംഗത്തിൽ അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവ് സംസാരിച്ചു. സഭ കൂടുതൽ കൂടുതൽ ജനങ്ങളിലേയ്ക്ക് ഇറങ്ങിചെല്ലേണ്ട സാഹചര്യമാണ് ഇന്നുള്ളത്. പാവങ്ങളുടെ പക്ഷം ചേരുന്ന സഭ പാവങ്ങൾക്കുള്ളതാണെന്ന മാർപാപ്പയുടെ സന്ദേശം ഉൾക്കൊള്ളണമെന്ന് അഭിവന്ദ്യ പിതാവ് ഊന്നിപ്പറഞ്ഞു. വൈദിക സമിതിയിലെ ഫാ. ജോയ് അയ്നിയാടൻ അച്ചൻ വടാവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ റെക്ടറായി നിയമിതനായ കാര്യം അഭിവന്ദ്യപിതാവ് യോഗത്തെ അറിയിക്കുകയും അദ്ദേഹത്തെ ആദരിച്ചുകൊണ്ട് അഭിവന്ദ്യ പുത്തൻവീട്ടിൽ പിതാവ് സംസാരിക്കുകയും ചെയ്തു. ഡൽഹിയിൽ ദേശീയ തലത്തിൽ പുതിയ വിശുദ്ധരെ ലഭിച്ചതിലുള്ള ആഘോഷം സംഘടിപ്പിച്ചതിൽ അഭിവന്ദ്യ ആർച്ചുബിഷപ്പ് കുര്യാക്കോസ് ഭരണികുളങ്ങര യുടെ നേതൃത്വത്തെ അഭിവന്ദ്യ കർദ്ദിനാൾ പിതാവ് ശ്ലാഘിച്ചു.

കുടുംബം എന്ന വിഷയത്തെ അധികരിച്ച് റോമിൽ നടക്കുവാൻ പോകുന്ന അസാധാരണ സിനഡിന് സഹായകരമായി രൂപതകൾക്കുള്ള ചോദ്യാവലി ക്കുള്ള നമ്മുടെ ഉത്തരങ്ങളുടെ സംക്ഷിപ്തരൂപം ഫാ. അഗസ്റ്റിൻ കല്ലേലി അവതരിപ്പിച്ചു. കുടുംബങ്ങളെക്കുറിച്ച് പറയുമ്പോൾ മൂന്നു കാര്യങ്ങളാണ് നാം ശ്രദ്ധിക്കേണ്ടതെന്ന് കല്ലേലി അച്ചൻ ഊന്നി പറഞ്ഞു. കേൾക്കുക-നോക്കുക-അഭിമുഖീകരിക്കുക. നാലു പ്രധാന മേഖലകളിലായി അജപാലന ശുശ്രൂഷയുടെ പശ്ചാത്തലവും അച്ചൻ വിവരിച്ചു. വിവാഹബന്ധങ്ങളുടെ പരാജയം വിവാഹ മോചനം എന്നിവയെല്ലാം നാം അഭിമുഖീകരിക്കേണ്ട വിഷയങ്ങളാണ്. അജപാലന ശുശ്രൂഷാ രംഗത്ത് നല്ല കുടുംബജീവിതം നയിക്കുന്നവരുടെ സഹഗമനം വഴി മറ്റു കുടുംബങ്ങളെ നേരായ പാതയിലേയ്ക്കു നയിക്കുക. കുടുംബജീവിത പ്രശ്നങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്യാൻ വൈദികർക്കു പ്രത്യേക പരിശീലനം നല്കണമെന്നും, നമസ്കാരം കേൾക്കൽ കാര്യക്ഷമമാക്കണമെന്നും, അതിൽ നല്ല ദമ്പതികളെ ഉൾപ്പെടുത്തണമെന്നും സൂചിപ്പിച്ചു. പെട്ടന്നുള്ള വിവാഹബന്ധങ്ങൾ

നിരുത്സാഹപ്പെടുത്തുക, വൈകാരിക പക്വതയുണ്ടോ എന്നറിയാനുള്ള സ്ക്രീനിംഗ് തുടങ്ങീയ അധുനിക രീതികളും പരീക്ഷിക്കണമെന്നും രേഖപ്പെടുത്തി. അജപാലന ശുശ്രൂഷയിൽ കുടുംബത്തിന് കേന്ദ്രസ്ഥാനം നല്കുകയും കുടുംബങ്ങൾ ക്രിസ്തു കേന്ദ്രീകൃതമാക്കുകയും കുടുംബത്തിന്റെ വളർച്ചയെ ദൈവശാസ്ത്ര വീക്ഷണത്തിൽ വിലയിരുത്തി തിരുവിവാഹം അഥവാ വിശ്വാസത്തോടെ യുള്ള വിവാഹത്തെക്കുറിച്ച് ബോധവത്കരണം നല്കണമെന്നും അഭിപ്രായപ്പെട്ടു. അസിസ്റ്റഡ് വിവാഹത്തിനാണ് ഇനി സ്ഥാനം നല്കേണ്ട തെന്നും അറേഞ്ചേഡ് വിവാഹത്തിനു ഇനി പ്രസക്തിയുണ്ടാകില്ലെന്നും അഭിപ്രായപ്പെട്ടു.

അതിരൂപതയിലെ പിരിവുകളെയും അവയുടെ പ്രസക്തിയെക്കുറിച്ചും ഫാ. ആന്റണി പൂതവേലിൽ സംസാരിച്ചു. പെസഹാവ്യാഴം പിരിവ്, ജീവകാരുണ്യ നിധി, മിഷൻ ഞായർ, തുടങ്ങി ആവർത്തിച്ചു വരുന്ന പിരിവുകൾ സംയോജിപ്പിക്കുന്നതു നല്ലതായിരിക്കും എന്നാണ് അഭിപ്രായമുണ്ടായത്.

അതിരൂപതയിൽ നടത്തിയ അത്മായ സംഗമത്തിന്റെ പദ്ധതി ആവിഷ്കാര ത്തെയും നടത്തിപ്പിനെയും സംബന്ധിച്ച വിലയിരുത്തലുകൾ നടത്തി. എ.കെ.സി.സി യെ വളർത്തണമെങ്കിൽ അതു ഓരോ ഇടവകയിലും സ്ഥാപിക്കണമെന്നും ആ സംഘടനയ്ക്ക് വ്യക്തമായ ഘടന വേണമെന്നും വിശ്വാസികൾക്ക് അതിൽ ചേർന്നതുകൊണ്ട് എന്തെങ്കിലും ഉപകാരമുണ്ട് എന്ന ബോധ്യം വരണമെന്നും അറിയിച്ചു. ഇത്തരം സംഘടനകളിൽ പ്രവർത്തിക്കുന്നവർക്ക് അവരുടെ സ്വന്തം ഇടവകയിൽ നല്ല വേരുകൾ ഉണ്ടാക്കണമെന്നും വേരുകളില്ലാത്ത വിസ്മയങ്ങൾക്ക് യാതൊരു അർത്ഥവുമില്ലെന്നും അഭിപ്രായമുണ്ടായി.

യോർദ്ദനാപുരം തുറവൂർ അതിർത്തി പ്രശ്നത്തിന് തക്കതായ പരിഹാരം കാണാൻ വൈദിക സമിതിയിൽ നിന്നും ഫാ. ജോസ് പുതിയേടത്ത്, ഫാ. ജോസ് നാല്പാട്ട്, ഫാ. സെബാസ്റ്റ്യൻ തളിയൻ എന്നിവരെ ആർച്ചുബിഷപ് നിയോഗിച്ചു. അതിർത്തി പ്രശ്നങ്ങളെ ശാസ്ത്രീയമായും അജപാലനപര മായും പരിഹരിക്കുവാൻ തക്ക സംവിധാനം ഉണ്ടാകേണ്ടതിന്റെ ആവശ്യകത യും യോഗത്തിൽ ചൂണ്ടിക്കാട്ടി. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഫാ. കുര്യാക്കോസ് മുണ്ടാടൻ (സെക്രട്ടറി)**

# അതിരൂപത അജപാലന സമിതിയുടെ

## 2-ാമത് യോഗ റിപ്പോർട്ട്

അതിരൂപത പാസ്റ്ററൽ കൗൺസിന്റെ 2014-2017 പ്രവർത്തന വർഷത്തിലെ രണ്ടാമത്തെ യോഗം കലൂർ റിന്യൂവൽ സെന്ററിൽ 2015 ഏപ്രിൽ 15-ാം തീയതി രാവിലെ 10.00-ന് സിസ്റ്റർ റെജിസ് മേരിയുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. സെക്രട്ടറി സിജോ പൈനാടത്ത് പ്രഥമ യോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു.

സഭാസ്നേഹമുള്ള കൂടുതൽ അല്മായ നേതാക്കൾ വളർന്നുവരേണ്ടത് ആവശ്യമാണെന്നു മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു. നമ്മുടെ അതിരൂപതയിൽനിന്ന് അറിയപ്പെടുന്ന ന്യായാധിപന്മാരും അഭിഭാഷകരും ഉണ്ട്. സാമൂഹ്യ, സാഹിത്യ രംഗങ്ങളിലെല്ലാം പ്രാവീണ്യമുള്ള വ്യക്തിത്വങ്ങൾ നമുക്കുണ്ടാവേണ്ടതുണ്ട്. കത്തോലിക്കാ കോൺഗ്രസ്സിന് നാം പ്രോത്സാഹനം നൽകണം. അതിരൂപതയെ സംബന്ധിച്ചു പ്രസ്ബിറ്ററൽ കൗൺസിലും പാസ്റ്ററൽ കൗൺസിലും പ്രധാനപ്പെട്ട സമിതികളാണെന്നും കർദിനാൾ ഓർമിപ്പിച്ചു.

കർദിനാൾ പിതാവിന്റെ സപ്തതി, നാമഹേതുക തിരുനാൾ എന്നിവയോടനുബന്ധിച്ചു ജോൺസൺ പടയാട്ടിൽ ആശംസകളർപ്പിച്ചു സംസാരിച്ചു. കർദിനാൾ പിതാവും സഹായമെത്രാന്മാർക്കൊപ്പം ചേർന്ന് കേക്ക് മുറിച്ചു. വിവിധ മേഖലകളിൽ മികവു തെളിയിച്ച ഫാ. ആന്റണി ഇലവുംകുടി, ഡോ. ഷൈനി പാലാട്ടി, വർഗീസ് അങ്കമാലി എന്നിവരെ അഭിവന്ദ്യ പിതാക്കന്മാർ പൊന്നാടയണിയിച്ച് ആദരിച്ചു. മംഗളപത്രവും കൈമാറി. ആദരിക്കപ്പെട്ടവരെ നിർവ്വാഹക സമിതി അംഗം മിനി പോൾ പരിചയപ്പെടുത്തി.

പാസ്റ്ററൽ കൗൺസിലിന്റെ ഘടനയും ദൗത്യവും എന്ന വിഷയം ചാൻസലർ റവ.ഡോ. ജോസ് പൊള്ളയിൽ അവതരിപ്പിച്ചു. അതിരൂപതയെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ളതും അജപാലന കർമ്മപദ്ധതി രൂപീകരണത്തിന് ഏറെ സഹായകവുമായ സമിതിയാണ് പാസ്റ്ററൽ കൗൺസിലെന്ന് അദ്ദേഹം പറഞ്ഞു. ദൈവജനം മുഴുവനും ഒരുമിച്ച് പ്രവർത്തിക്കുന്ന ഈ വേദിയിൽ എല്ലാവരുടേയും സഹകരണം ഉറപ്പാക്കുവാൻ സാധിക്കും. അതിരൂപതയുടെ പൊതുനന്മയായിരിക്കും ഇതിന്റെ ആത്യന്തികലക്ഷ്യം. ക്രിയാത്മകമായ അജപാലന കർമ്മപദ്ധതി രൂപീകരണത്തിൽ മെത്രാന് അഭിപ്രായങ്ങളും നിർദേശങ്ങളും നൽകുവാനുള്ള സമിതി മെത്രാനോട് ചേർന്ന് പ്രവർത്തിക്കുന്നു. അതിരൂപതയിലെ ദൈവജനത്തിന്റെ പ്രതിനിധികൾ എന്ന നിലയിൽ അതിരൂപതയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് ഈ അജപാലന സമിതിയിലെ ഓരോ അംഗത്തിന്റേയും വിലയേറിയ നിർദ്ദേശങ്ങളും അഭി

പ്രായങ്ങളും കാരണമാകണം. പാസ്റ്ററൽ കൗൺസിലിന്റെ ഘടനയും അംഗങ്ങളുടെ സവിശേഷതകളെക്കുറിച്ചും റവ. ഡോ. ജോസ് പൊള്ളയിൽ വ്യക്തമാക്കി.

*വിഷയത്തിൽ അംഗങ്ങളുടെ പ്രതികരണങ്ങൾ:*

* *പാസ്റ്ററൽ കൗൺസിലിനു ഫൊറോനാതലത്തിൽ കമ്മിറ്റികൾ രൂപീകരിക്കണം*
* *ആലോചനാ സമിതികളിൽ അതിരൂപതയുടെ എല്ലാ മേഖലകളുടെയും പങ്കാളിത്തം ഉറപ്പാക്കണം*
* *പാസ്റ്ററൽ കൗൺസിൽ യോഗങ്ങൾ പ്രബന്ധാവതരണങ്ങളാകാതെ അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യണം,*
* *പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് ഇടവകകളിലെ പാരിഷ് കൗൺസിലിലെ അംഗത്വത്തെക്കുറിച്ച് വ്യക്തത വരുത്തണം*

ഇടവകകളിലെ കുടുംബയൂണിറ്റ്, പ്രതിനിധിയോഗം, കൈക്കാരന്മാർ, സെൻട്രൽ കമ്മിറ്റി എന്നിവയുടെ തെരഞ്ഞെടുപ്പുകളുടെ ഏകീകരണം എന്ന വിഷയം ബിഷപ്പ് മാർ ജോസ് പുത്തൻവീട്ടിൽ അവതരിപ്പിച്ചു. ഇടവകയിൽ എല്ലാ തലത്തിലും എല്ലാവരുമായുള്ള പങ്കാളിത്തത്തിലൂടെ സുവിശേഷ ശുശ്രൂഷകൾ നിർവ്വഹിച്ചു കൂട്ടായ്മയിൽ ദൈവരാജ്യമെന്ന ലക്ഷ്യം സാധ്യമാക്കേണ്ടതുണ്ടെന്നു പിതാവ് ഓർമ്മിപ്പിച്ചു. പലർക്കും ലക്ഷ്യത്തെക്കുറിച്ചു വ്യക്തതയില്ല, ആഘോഷങ്ങളിലും ആചരണങ്ങളിലും ആഴമായ ആത്മീയത അനുഭവിക്കുന്നില്ല, സാമൂഹിക പ്രതിബന്ധത കുറയുന്നു, കൂട്ടായ്മയിൽ വളരാതെ വിഭാഗീയത വർദ്ധിച്ച് എതിർസാക്ഷ്യമാകുന്നു തുടങ്ങിയ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ വിവിധ സമിതികളുടെ ഏകീകരണവും അവയ്ക്കു നിയതമായ പരിശീലനപരിപാടികളും അനിവാര്യമാണ്. തെരഞ്ഞെടുപ്പുകൾക്കു മുമ്പും ശേഷവും പരിശീലനം വേണം.

*വിഷയത്തിൽ അംഗങ്ങളുടെ പ്രതികരണങ്ങൾ:*

* *ആധുനിക രീതികൾ പ്രയോജനപ്പെടുത്തി പരിശീലനവും തുടർപരിശീലനവും സജീവമാക്കണം, ഇതിനായി പ്രത്യേക കമ്മിറ്റി രൂപീകരിക്കണം,*
* *പരിശീലനവും അതിന്റെ സ്വാധീനവും വിലയിരുത്തണം*
* *പുതിയ സമിതികളുടെ കാലാവധി സാമ്പത്തിക വർഷം അടിസ്ഥാനമാക്കുന്നത് ഉചിതമാകും*
* *പാസ്റ്ററൽ കൗൺസിലിനു സമാനമായി ഇടവക സമിതികളുടെ കാലാവധിയും മൂന്നു വർഷമാക്കണം*

* *ഇടവക സമിതികളെ സംബന്ധിച്ച് അതിരൂപത നിയമസംഹിതയിലെ ചട്ടങ്ങളിലെ അവ്യക്തതയുണ്ടെങ്കിൽ പരിഹരിക്കണം*
* *പാസ്റ്ററൽ കൗൺസിലിലെ നിർദേശങ്ങൾ അതിരൂപത ഉൾക്കൊള്ളുന്നു എന്ന ബോധ്യം അംഗങ്ങൾക്കുണ്ടാവണം*
* *കുടുംബകൂട്ടായ്മകളുടെ ശൈലി പരിഷ്കരിക്കണം.*

"കുടുംബങ്ങളുടെ നവീകരണം" എന്ന വിഷയത്തിൽ കുടുംബപ്രേഷിത കേന്ദ്രം ഡയറക്ടർ റവ. ഡോ. അഗസ്റ്റിൻ കല്ലേലി സംസാരിച്ചു. കാലഘട്ടത്തിന്റെ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് കത്തോലിക്കാ കുടുംബങ്ങളുടെ വളർച്ചയിൽ നാം ഏറെ ശ്രദ്ധിക്കേണ്ടതുണ്ടെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. വ്യക്തിയും കുടുംബവും ലോകത്തോടല്ല, ദൈവത്തോടാണ് അനുരൂപപ്പെടേണ്ടത്. ഒരു വിശ്വാസി എന്ന നിലയിൽ നാം ആയിരിക്കേണ്ട അവസ്ഥ വിസ്മരിക്കരുത്. പ്രണയവിവാഹം, മതാന്തര വിവാഹങ്ങൾ, വിവാഹമോചനങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സഭയുടെ ദർശനങ്ങളിലൂന്നി നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ട്. കുടുംബ പ്രശ്നങ്ങളിൽ മീഡിയേഷൻ സംവിധാനം പ്രയോജനപ്പെടുത്തണമെന്നും റവ.ഡോ. കല്ലേലി അഭിപ്രായപ്പെട്ടു. വിഷയവുമായി ബന്ധപ്പെട്ട് അംഗങ്ങൾ പ്രതികരണങ്ങൾ അറിയിച്ചു.

വിഷയാവതരണങ്ങൾക്കു ശേഷം ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പുതിയതായി കൗൺസിലിൽ എത്തിയ ഫൊറോന വികാരിമാരെയും അംഗങ്ങളെയും സ്വാഗതം ചെയ്തു. അതിരൂപതയുടെ ഇപ്പോഴത്തെ വിവിധ പദ്ധതികൾ പിതാവ് വിശദീകരിച്ചു. അതിരൂപതയുടെ എല്ലാ പ്രവർത്തനങ്ങളിലും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ സജീവ പിന്തുണയുണ്ടാകണമെന്നും പിതാവ് ഓർമിപ്പിച്ചു.

ലോകമെമ്പാടും ക്രൈസ്തവർക്കു നേരെ നടക്കുന്ന പീഡനങ്ങളിൽ ഉത്കണ്ഠയും പ്രതിഷേധവും അറിയിച്ച് പാസ്റ്ററൽ കൗൺസിലിന്റെ പ്രമേയം ശ്രീ. ഡേവിസ് വല്ലൂരാൻ അവതരിപ്പിച്ചു. പിൽഗ്രിംസ് കമ്യൂണിക്കേഷൻ നടത്തിയ നാടകരചനാമത്സരത്തിന്റെ സമ്മാനദാനം ചടങ്ങിൽ കർദിനാൾ മാർ ആലഞ്ചേരി പിതാവ് നിർവ്വഹിച്ചു. ഡയറക്ടർ ഫാ. തോമസ് നങ്ങേലിമാൽ മത്സരത്തെയും സെമിച്ചൻ ജോസഫ് സമ്മാനർഹരെയും പരിചയപ്പെടുത്തി.

140 അംഗങ്ങൾ പങ്കെടുത്ത യോഗത്തിനു ജോയിന്റ് സെക്രട്ടറി റെന്നി ജോസ് സ്വാഗതവും നിർവ്വാഹക സമിതി അംഗം ആന്റണി പട്ടശേരി നന്ദിയും പറഞ്ഞു. സിസ്റ്റർ യൂക്കരിസ്റ്റിന്റെ പ്രാർഥനയോടെ ഉച്ചയ്ക്ക് ഒന്നിന് യോഗം അവസാനിച്ചു.

**സിജോ പൈനാടത്ത്**
**(സെക്രട്ടറി)**

# നിവേദിത, ചുണങ്ങംവേലി

## 1) പ്രൊവിൻഷ്യൽ ടീം മീറ്റ് - 2015

***വരിക - ഉണരുക - നമുക്ക് ലോകത്തെ ഉണർത്താം.***

സമർപ്പിതവർഷാഘോഷത്തിന്റെ ഭാഗമായി നമ്മുടെ അതിരൂപതയിലെ എല്ലാ സന്ന്യാസിനി സമൂഹങ്ങളുടേയും **പ്രൊവിൻഷ്യൽ ടീം കൂട്ടായ്മ 2015 ജൂലൈ 18-ാം തിയതി അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ** നിവേദിതയിൽ നടക്കുന്നു. ഈ കൂട്ടായ്മയിൽ എല്ലാവരും പങ്കെടുക്കുമല്ലോ. വരിക നമുക്ക് നമ്മെതന്നെ ഉണർത്താം, നമ്മുടെ ശുശ്രൂഷ പങ്കാളിത്ത ശുശ്രൂഷയായിമാറുവാൻ പരിശ്രമിക്കാം.

2015 ജൂലൈ 18-ാം തിയതി രാവിലെ 09.30 ന് ആരംഭിച്ച് രാത്രി 08.00 ന് ഭക്ഷണത്തോടെ അവസാനിക്കുന്നു.

**വിശുദ്ധകുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.**

## 2) Candidates' Meet 2015

സമർപ്പിതവർഷാഘോഷത്തിന്റെ ഭാഗമായി നമ്മുടെ അതിരൂപതയിലെ എല്ലാ സന്ന്യാസിനി സമൂഹങ്ങളിലേയും **അർത്ഥിനികളുടെ (ആസ്പിരൻസ്, പോസ്റ്റുലൻസ്, സ്റ്റഡി ഗ്രൂപ്പ്, റീജൻസി) കൂട്ടായ്മ 2015 ആഗസ്റ്റ് 14, 15, 16 എന്നീ തിയതി അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ** നിവേദിതയിൽ നടക്കുന്നു. ഈ കൂട്ടായ്മയിൽ എല്ലാവരും പങ്കെടുക്കുമല്ലോ. വരിക നമുക്ക് നമ്മെതന്നെ ഉണർത്താം, .

2015 ആഗസ്റ്റ് 14-ാം തിയതി രാവിലെ 09.30 ന് ആരംഭിച്ച് 16-ാം തിയതി വൈകീട്ട് 04.30 ന് അവസാനിക്കുന്നു.

N.B.: പങ്കെടുക്കുന്നവരുടെ ലിസ്റ്റ് പരിപാടി നടക്കുന്നതിന് 10 ദിവസം മുമ്പെങ്കിലും അയച്ചു തരുമല്ലോ.

ഫോൺ: 0484-2837375, 9387074646, 9847558054
ഇ-മെയിൽ: nivedithaekm@gmail.com

**ഡയറക്ടർ**

# വൊക്കേഷൻ പ്രൊമോഷൻ

**പുതിയ ബാച്ച് മൈനർ സെമിനാരിയിൽ പരിശീലനമാരംഭിച്ചു**

ഈ വർഷം 30 ഇടവകകളിൽ നിന്നുമായി 35 പേർ ജൂൺ 07-ാം തീയതി നമ്മുടെ അതിരൂപതാ മൈനർ സെമിനാരിയിൽ പുതിയതായി ചേർന്ന് വൈദിക പരിശീലനം ആരംഭിച്ചു. ഏപ്രിൽ 27-ാം തിയതി ജോസ് പുത്തൻവീട്ടിൽ പിതാവ് കൂടിക്കാഴ്ച നടത്തിയ ഇവരിൽ 26 പേർ എസ്.എസ്.എൽ.സി. യും, 8 പേർ പ്ലസ് ടു വും, ഒരാൾ ഗ്രാജുവേഷനും കഴിഞ്ഞതാണ്. അതിൽ 2 പേർ ഫരീദാബാദ് രൂപതയ്ക്കുവേണ്ടിയുള്ള വരാണ്. ദൈവവിളിക്കായി കുട്ടികളെ പ്രോൽസാഹിപ്പിക്കുകയും ക്യാമ്പുകളിലേക്കും ഇന്റർവ്യൂവിനും അവരെ അയയക്കുവാനും താല്പര്യം കാണിച്ച എല്ലാ വികാരിയച്ചന്മാർക്കും മറ്റെല്ലാവർക്കും നന്ദി പറയുന്നു.

**അതിരൂപതാ ദൈവവിളിദിനം**

ഈ വർഷം ആഗസ്റ്റ് 2-ാം തിയതി ഞായറാഴ്ച നമ്മുടെ അതിരൂപത ദൈവവിളിദിനമായി ആചരിക്കുകയാണ്. വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തോടനുബന്ധിച്ചുള്ള ഞായറാഴ്ചയാണ് നാം അതിരൂപതാ ദൈവവിളിദിനമായി ആചരിക്കാറുള്ളത്. പൗരോഹിത്യ-സന്യാസ ദൈവവിളികൾ ധാരാളമായി ഉണ്ടാകുന്നതിനുവേണ്ടി ഒരുമിച്ചു പ്രാർത്ഥിക്കാനും, ഉള്ള ദൈവവിളികളെ കണ്ടെത്താനും, പ്രോൽസാഹിപ്പിക്കാനും ഈ ദിനം നമ്മെ സഹായിക്കട്ടെ.

എല്ലാ വർഷത്തെയും പോലെ ഈ വർഷവും ദൈവവിളിദിനത്തിൽ വായിക്കാനുള്ള ഇടയലേഖനം, ദൈവവിളി ദിന പോസ്റ്റർ, അതിരൂപതയിലെ എല്ലാ കുടുംബങ്ങളിലേക്കുമുള്ള ദൈവവിളി സപ്ലിമെന്റ്, ദൈവവിളിദിന മൽസരത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ, അസ്സംബ്ലിക്കിടയിൽ വായിക്കാനുള്ള വിശുദ്ധരുടെ ജീവചരിത്രം, കുർബാന മദ്ധ്യേ ചൊല്ലുവാൻ സഹായകമാകുന്ന പ്രത്യേക പ്രാർത്ഥനകൾ അടങ്ങിയ ലീഫ്ലെറ്റുകൾ എന്നിവ പള്ളികളിൽ എത്തിക്കുന്നതാണ്.

ഈ വർഷം **പാലാരിവട്ടം സെന്റ് മാർട്ടിൻ പള്ളിയിലാണ് അതിരൂപത തലത്തിലുള്ള ദൈവവിളിദിനാചരണം** നടക്കുന്നത്. രാവിലെ 9.00 മണിക്കാരംഭിക്കുന്ന വി. കുർബാനയ്ക്ക് **കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവാണ് മുഖ്യകാർമ്മികത്വം** വഹിക്കുന്നത്. അന്നേ

ദിവസം മൈനർ സെമിനാരിയിലെ ബഹു. വൈദികരും എല്ലാ ബ്രദേഴ്സും ഇടവകജനത്തോടൊപ്പം ആഘോഷങ്ങളിൽ പങ്കുചേരുന്നു.

നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും ദൈവവിളിദിനത്തിന്റെ പ്രാധാന്യത്തെ മനസ്സിലാക്കാൻ സഹായിക്കുന്ന വിവിധങ്ങളായ പരിപാടികളോടെ, ഉചിതമായ രീതിയിൽ ഈ ദിനം ആചരിക്കാൻ വേണ്ടതെല്ലാം ചെയ്യണമെന്ന് ബഹു. അച്ചന്മരോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

## ഇൻസൈറ്റ് 2015

പൗരോഹിത്യ, സന്യാസ, വിവാഹ, ഏകസ്ഥ ദൈവവിളികളെക്കുറിച്ച് ഉൾക്കാഴ്ച്ച നല്കുക, പ്രത്യേകമായി പൗരോഹിത്യ-സന്യാസ ദൈവവിളികളെ തിരിച്ചറിയുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെടുന്ന ഇൻസൈറ്റ് 2015 നടക്കുന്ന ഇടവകകൾ:

**July 2015**

| | |
|---|---|
| 05.07.2015 | Kudavechoor |
| 12.07.2015 | Amalapuram |
| 19.07.2015 | Airoor |
| 26.07.2015 | Cherthala-Muttom |

**August 2015**

| | |
|---|---|
| 02.08.2015 | Palarivattom |
| 09.08.2015 | Vadayar |

### മോറിയ 2015 - മാതാപിതാക്കൾക്കുള്ള ധ്യാനം

പ്രാർത്ഥനയിലൂടെ തങ്ങളുടെ മക്കളെ ശക്തിപ്പെടുത്തുന്നതിനും, ജീവിത വിശുദ്ധീകരണത്തിലൂടെ തങ്ങളുടെ മക്കൾക്ക് അനുഗ്രഹമായിത്തീരുന്നതിനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ പൗരോഹിത്യ സന്യാസ സമർപ്പണ ജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിച്ച് ഒരുങ്ങിക്കൊണ്ടിരിക്കുന്ന **വൈദികാർത്ഥികളുടേയും, സന്യാസാർത്ഥിനികളുടേയും മാതാപിതാക്കൾക്കായി** ഒരു ധ്യാനം (മോറിയ 2015) നടത്തുന്നു.

**സ്ഥലം: ചിറ്റൂർ ധ്യാനകേന്ദ്രം**

**സമയം: 2015 ജൂലൈ 22 (ബുധൻ) 4.00 pm. മുതൽ - 26 (ഞായർ) 1.00 pm.**

**ഫീസ്: 500/-**

**ഫോൺ: 0484-2430508, 9446040508.**

എല്ലാ അതിരൂപതാ വൈദികാർത്ഥികളുടെയും മാതാപിതാക്കളെ നിർബന്ധമായും ഈ ധ്യാനത്തിൽ പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**അതിരൂപതയിലെ ദൈവവിളികൾ**

നമ്മുടെ അതിരൂപതയിൽനിന്നുമുള്ള വൈദികരുടേയും സമർപ്പിതരുടേയും എണ്ണം അറിയുന്നതിനായി 2015 ജൂൺ മാസത്തിൽ എടുത്ത സർവ്വേയുടെ ഫലം ഈ സമർപ്പിതവർഷാചരണത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുകയാണ് (പേജ് 36 കാണുക). അതിരൂപതയിലെ എല്ലാ വികാരിയച്ചന്മാരിൽനിന്നും നേരിട്ടാണ് ഈ വിവരങ്ങൾ ശേഖരിച്ചത്. നമ്മുടെ അതിരൂപതയിലെ സമർപ്പിതരിലൂടെ ആഗോളസഭയ്ക്കും സമൂഹത്തിനുമായി ലഭിച്ചുകൊണ്ടിരിക്കുന്ന സേവനങ്ങളെക്കുറിച്ച് അഭിമാനമുള്ളവരാകുവാനും, തുടർന്ന്, പൗരോഹിത്യ-സന്യാസ ദൈവവിളികളെ കൂടുതലായി ഇനിയും പ്രോൽസാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും പ്രചോദനകരമാംവിധം ഈ സ്ഥിതിവിവരക്കണക്കുകൾ നമ്മെ സഹായിക്കട്ടെ. ഈ വിവരങ്ങൾ നല്കിയ എല്ലാ വികാരിയച്ചന്മാർക്കും, സഹായിച്ച എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു.

വൊക്കേഷൻ പ്രൊമോട്ടർ

---



## നിര്യാതയായി

### സി. ആനി വർഗ്ഗീസ് CMC

ഇമ്മാക്കുലേറ്റ് കോൺവെന്റ്, പുത്തൻപള്ളി.

| | |
|---|---|
| ജനനം | : 01/10/1933 |
| വ്രതവാഗ്ദാനം | : 02/05/1959 |
| മരണം | : 24/05/2015 |



## Archdiocese of Ernakulam–Angamaly

# Vocation Strength Survey - June 2015

| No | Forane | Families | Priests | Priests% | Brother hood | Nuns | Nuns% | Semin-arians | Semin-arians% | Aspi-rants | Aspi-rants % |
|---|---|---|---|---|---|---|---|---|---|---|---|
| 1 | Angamaly | 8851 | 122 | 1.38% | 7 | 612 | 6.91% | 53 | 0.60% | 14 | 0.16% |
| 2 | Cherthala | 5112 | 95 | 1.86% | 8 | 388 | 7.59% | 35 | 0.68% | 10 | 0.20% |
| 3 | Edappally | 8176 | 32 | **0.39%** | 1 | 88 | **1.08%** | 28 | 0.34% | 4 | **0.05%** |
| 4 | Ernakulam | 9100 | 61 | 0.67% | 3 | 183 | 2.01% | 25 | **0.27%** | 6 | 0.07% |
| 5 | Kanjoor | 10117 | 255 | 2.52% | 4 | 939 | 9.28% | 93 | 0.92% | 35 | 0.35% |
| 6 | Karukutty | 4583 | 71 | 1.55% | 4 | 507 | **11.1%** | 35 | 0.76% | 17 | **0.37%** |
| 7 | **Kizhakkambalam** | 5706 | 32 | 0.56% | 3 | 163 | 2.86% | 24 | 0.42% | 7 | 0.12% |
| 8 | Koratty | 10417 | 144 | 1.38% | 8 | 648 | 6.22% | 91 | 0.87% | 25 | 0.24% |
| 9 | Manjapra | 7209 | 212 | 2.94% | 3 | 613 | 8.5% | 90 | **1.25%** | 18 | 0.25% |
| 10 | Mookkannoor | 3976 | 69 | 1.74% | 5 | 393 | 9.88% | 31 | 0.78% | 9 | 0.23% |
| 11 | Moozhikkulam | 5303 | 88 | 1.66% | 17 | 482 | 9.09% | 38 | 0.72% | 9 | 0.17% |
| 12 | Pallippuram | 3115 | 112 | **3.60%** | 1 | 338 | 10.9% | 15 | 0.48% | 11 | 0.35% |
| 13 | Parur | 7257 | 77 | 1.06% | 2 | 328 | 4.52% | 50 | 0.69% | 7 | 0.10% |
| 14 | Thripunithura | 7080 | 68 | 0.96% | 4 | 234 | 3.31% | 23 | 0.32% | 6 | 0.08% |
| 15 | Vaikkom | 5845 | 180 | 3.08% | 5 | 471 | 8.06% | 49 | 0.84% | 13 | 0.22% |
| 16 | Vallam | 7683 | 137 | 1.78% | 1 | 455 | 5.92% | 59 | 0.77% | 18 | 0.23% |
| | **Total** | **109530** | **1755** | **1.60%** | **76** | **6842** | **6.25%** | **739** | **0.67%** | **209** | **0.19%** |

- This data is collected directly from our Rev. Vicars.
- 90-95% Reliable

Vocation Promoter

# NEWS വാർത്തകളും വിശേഷങ്ങളും

## മാർപാപ്പയുടെ പുതിയ ചാക്രിക ലേഖനം:

## *ലൗദാത്തൊ സി*– ലോകം മുഴുവന്റേയും ഉണർത്തുപാട്ട്

മനുഷ്യർ പ്രകൃതിയോടും തന്റെ സഹജീവികളോടും ചെയ്യുന്ന നശീകരണ പ്രവണതയെക്കുറിച്ച് ബോധവാന്മാരാകുന്നതിനും പരിസ്ഥിതിയെ സ്നേഹിക്കുവാനും, സംരക്ഷിക്കുവാനുമുള്ള ദൗത്യത്തെക്കുറിച്ച് പരിചിന്തനം ചെയ്യുവാനും അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഫ്രാൻസിസ് മാർപാപ്പ *ലൗദാത്തൊ സി* (അങ്ങേയ്ക്കു [ദൈവമേ] സ്തുതി) എന്ന ചാക്രിക ലേഖനം പുറപ്പെടുവിച്ചു. പ്രകൃതിയോട് ചെയ്യുന്ന ക്രൂരതയെക്കുറിച്ച് ചിന്തിക്കാതെ സുഷുപ്തിയിലായിരിക്കുന്ന ലോകജനതയ്ക്ക് ഒരു ഉണർത്തുപാട്ടാണ് ഈ ചാക്രികലേഖനം. വിവിധ പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ, മനുഷ്യന് പ്രകൃതിയോടും, സഹജീവികളോടുമുള്ള ബന്ധങ്ങളിൽ വിള്ളലുകൾ ഉണ്ടാകുവാനുള്ള തത്വശാസ്ത്രപരവും, ദൈവശാസ്ത്രപരവും, സാംസ്കാരികപരവുമായ കാരണങ്ങൾകൂടി മാർപാപ്പ വ്യക്തമാക്കുന്നു. നമ്മുടെ പൊതു കുടുംബത്തിന്റെ പരിപാലനയെ സംബന്ധിച്ച് എല്ലാ ജനങ്ങളുമായി ഒരു സംവാദം നടത്തുകയാണ് ഈ ചാക്രികലേഖനത്തിന്റെ ലക്ഷ്യമെന്ന് മാർപാപ്പ വ്യക്തമാക്കുന്നു. ആയതിനാൽ, ഈ ചാക്രികലേഖനം എല്ലാവരേയും അഭിസംബോധന ചെയ്യുന്നു. നാം അതിവസിക്കുന്ന ഭൂമിയുടെ ഭാവി സുരക്ഷിതമാക്കുവാൻ ഉപയുക്തമാക്കുന്ന പ്രവർത്തനങ്ങളും, ചിന്തകളും രൂപീകരിക്കുന്ന ഒരു പുതിയ സംവാദത്തിലേക്ക് മാർപാപ്പ എല്ലാവരേയും ക്ഷണിക്കുന്നു. ആന്തരീക നവീകരണം ഏവർക്കും ആവശ്യമാണെന്നും മാർപാപ്പ പ്രസ്താവിക്കുന്നു.

## ധ്യാനപ്രസംഗ വൈദികരുടെ മൂന്നാം അഖിലലോക സംഗമം

2015 ജൂൺ 10 മുതൽ 14 വരെ റോമിലെ സെന്റ് ജോൺ ലാറ്ററൻ ബസിലിക്കയിൽ ധ്യാനപ്രസംഗ വൈദികരുടെ അഖിലലോക സംഗമം നടത്തപ്പെട്ടു. "വിശുദ്ധിയിലേക്കുള്ള വിളി - നവസുവിശേഷവത്കരണത്തിന്" എന്നതായിരുന്നു മുഖ്യ പ്രമേയം ICCRS (International Catholic Charismatic Renewal Service)-ന്റെ നേതൃത്വത്തിലാണ് പ്രസ്തുത സംഗമം നടത്തപ്പെട്ടത്. വിവിധ രാജ്യങ്ങളിൽനിന്നുള്ള നിരവധി മെത്രാന്മാരും, ആയിരക്കണക്കിന് വൈദികരും ഇതിൽ സംബന്ധിച്ചു. ജൂൺ 12-ാം തീയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഈ ഗ്രൂപ്പിനുവേണ്ടി വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ദൈവജനത്തോട്, പ്രത്യേകിച്ച്, പാവങ്ങളോട് കരുണയോടെ വർത്തിക്കണമെന്ന് പരിശുദ്ധ പിതാവ് അവരോട് ആഹ്വാനം ചെയ്തു.

# മതബോധന ഡിപ്പാർട്ടുമെന്റ്

റിന്യൂവൽ സെന്റർ കലൂർ, കൊച്ചി 682017.
Tel: 0484-2346628 • E-mail: catechismernakulam@gmail.com


## അതിരൂപതാ മതാദ്ധ്യാപക കൺവെൻഷൻ

**2015 ജൂലൈ 11 ശനിയാഴ്ച, ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ**

**ബഹുമാനപ്പെട്ട വൈദികരേയും മതാദ്ധ്യാപകരേയും ക്ഷണിക്കുന്നു.**

എറണാകുളം-അങ്കമാലി അതിരൂപതയിലെ അയ്യായിരത്തിൽപ്പരം മതാദ്ധ്യാപകരൊരുമിക്കുന്ന അതിരൂപതാ മതാദ്ധ്യാപക കൺവെൻഷൻ ഈ വർഷം ജൂലൈ മാസം 11-ാം തീയതി ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്ന വിവരം ഇതിനകം അറിഞ്ഞുകാണുമല്ലോ. രാവിലെ 9.00-ന് ആരംഭിച്ച് ഉച്ചതിരിഞ്ഞ് 2.30-ന് അവസാനിക്കുന്ന സംഗമത്തിലേക്ക് എല്ലാ മതാദ്ധ്യാപകരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ജൂബിലേറിയൻസിന്റെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു**

2013-14, 2014-15 അദ്ധ്യയനവർഷങ്ങളിൽ മതാദ്ധ്യാപനത്തിന്റെ ഇരുപത്തിയഞ്ചും അമ്പതും വർഷങ്ങൾ പൂർത്തിയാക്കിയ അദ്ധ്യാപകരെ നാം അതിരൂപതാ കൺവെൻഷനിൽ ആദരിക്കുന്നു. ഇവിടെ ലഭിച്ച പേരുകൾ പ്രകാരമുള്ള ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പേരുകളിൽ തെറ്റോ തിരുത്തലുകളോ ആവശ്യമെങ്കിൽ ഉടനെ അറിയിക്കുക.

**മതബോധനക്ലാസുകളുടെ സമയക്രമം എല്ലാ യുണിറ്റുകളും പാലിക്കുക. അതിരൂപതയുടെ പൊതുവായ നിയമമനുസരിച്ച് രാവിലെ 8.30-നു ശേഷമേ മതബോധനക്ലാസുകൾ ആരംഭിക്കാവൂ.**

## മറ്റു പ്രധാന പരിപാടികൾ

**ജൂലൈ 2015**

03 വെള്ളി : ദുക്റാന ദിനാഘോഷം, ഓഫീസ് അവധി.

11 ശനി : അതിരൂപത മതാദ്ധ്യാപക കൺവെൻഷൻ- ചിറ്റൂർധ്യാനകേന്ദ്രം. 9.00 am-2.30 pm

18 ശനി : കൗൺസിലിംഗ് കോഴ്സ്- റിന്യൂവൽ സെന്റർ കലൂർ 9.30 am-4.30 pm
ENLIGHT 2015 (VIII-ാം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള ഫൊറോനതല സംഗമം) -അങ്കമാലി ഫൊറോന.

19 ഞായർ : കൗൺസിലിംഗ് കോഴ്സ്- റിന്യൂവൽ സെന്റർ കലൂർ 9.30 am-4.30 pm
Alive 2015 (XII-ാം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള ഫൊറോനതല സംഗമം) -കൊരട്ടി ഫൊറോന.
BAC (ഓഗസ്റ്റ് 14,15) പേരുകൾ നൽകേണ്ട അവസാന തിയതി.

26 ഞായർ : കൗൺസിലിംഗ് കോഴ്സ്- റിന്യൂവൽ സെന്റർ കലൂർ 9.30 am-4.30 pm
Alive 2015 (XII-ാം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള ഫൊറോനതല സംഗമം) -കിഴക്കമ്പലം ഫൊറോന.

**ഓഗസ്റ്റ് 2015**

01 ശനി : ലോഗോസ് ക്വിസ് രജിസ്ട്രേഷൻ അവസാനിക്കുന്നു.

02 ഞായർ : കൗൺസിലിംഗ് കോഴ്സ്- റിന്യൂവൽ സെന്റർ കലൂർ 9.30 am-4.30 pm
Alive 2015 (XII-ാം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള ഫൊറോനതല സംഗമം) -തൃപ്പൂണിത്തുറ ഫൊറോന.
അതിരൂപതാ ദൈവവിളി ദിനം.

03 തിങ്കൾ : ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ഫൊറോനയിൽ എത്തിക്കേണ്ട അവസാന തിയതി.

04 ചൊവ്വ : വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ

05 ബുധൻ : ലോഗോസ് ക്വിസ് രജിസ്ട്രേഷൻ അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തിയതി.

08 ശനി : കൗൺസിലിംഗ് കോഴ്സ്- റിന്യൂവൽ സെന്റർ കലൂർ 9.30 am-4.30 pm
ENLIGHT 2015 (VIII-ാം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള ഫൊറോനതല സംഗമം) - ഇടപ്പള്ളി ഫൊറോന.

09 ഞായർ : കൗൺസിലിംഗ് കോഴ്സ്- റിന്യൂവൽ സെന്റർ കലൂർ 9.30 am-4.30 pm
Alive 2015 (XII-ാം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള ഫൊറോനതല സംഗമം) -പറവൂർ ഫൊറോന.

ഡയറക്ടർ

ഫാമിലി അപ്പോസ്തലേറ്റ്

**Renewal Centre,** Kaloor. Tel.: 0484-2346437, 2533077
**Jeevalaya Family Park,** Kalady. Tel.: 0484-2462607, 9387074649
**Vaikom:** 9495411200 • E-mail: familycentrekaloor@gmail.com

# JULY - AUGUST 2015

## I. Marriage Preparation Course (MPC)

| | | | |
|---|---|---|---|
| June | 30-July 01 | [Single] | Kalady |
| July | 06-08 | [Pair] | Kaloor |
| July | 13-15 | [Single] | Kaloor |
| July | 14-16 | [Pair] | Kalady |
| July | 20-22 | [Single] | Kaloor |
| July | 21-23 | [Pair] | Kalady |
| July | 27-29 | [Pair] | Kaloor |

| | | | |
|---|---|---|---|
| Aug. | 03-05 | [Pair] | Kaloor |
| Aug. | 10-12 | [Single] | Kaloor |
| Aug. | 11-13 | [Pair] | Kalady |
| Aug. | 17-19 | [Single] | Kaloor |
| Aug. | 18-20 | [Pair] | Kalady |
| Aug. | 24-26 | [Pair] | Kaloor |
| Aug. | 25-27 | [Single] | Kalady |

## II. Grace Rings Couples Retreat [Residential]

July 09-12 Jeevalaya Family Park, Kalady
Aug. 06-09 Jeevalaya Family Park, Kalady

## III. Newlyweds' Retreat (Sat.06.00pm to Sun.04.30pm)

July 04-05 Jeevalaya Family Park, Kalady
Aug. 01-02 Jeevalaya Family Park, Kalady

## IV. Parenting Retreat

മാതാപിതാ-മക്കൾ ബന്ധത്തെ പരിപോഷിപ്പിക്കുന്നതിനായി കാലടി ജീവാലയ ഫാമിലി പാർക്കിൽ പേരന്റിംഗ് ധ്യാനം നടത്തുന്നു. മാസത്തിന്റെ നാലാമത്തെ വെള്ളിയാഴ്ച വൈകിട്ട് 6.30-ന് ആരംഭിച്ച് ഞായറാഴ്ച വൈകിട്ട് 4.30-ന് സമാപിക്കുന്ന ധ്യാനത്തിൽ മാതാപിതാക്കളും മക്കളും ഒരുമിച്ച് പങ്കെടുക്കണം. കുട്ടികൾക്കും (5-12), കൗമാരക്കാർക്കും (13-21) വ്യത്യസ്ത ധ്യാനങ്ങളാണ് സംഘടിപ്പിക്കുന്നത്. മക്കളുടെ മനഃശാസ്ത്രം മനസ്സിലാക്കി ആരോഗ്യകരമായി മക്കളോട് പ്രതികരിക്കുവാൻ കഴിയുന്ന പരിശീലനങ്ങളാണ് ധ്യാനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ബുക്കിങ്ങിന് വിളിക്കുക 9446335441.

July 24-26 Teenagers (Age 13-21 Years)
Aug 21-23 Childrens (Age 5-12 Years)

## V. Forane Family Apostolate Forum (FFAFM) Meeting

July 04 Koratty
July 19 Ernakulam

| | | | | | |
|---|---|---|---|---|---|
| July | 04 | Parur | July | 25 | Kanjoor |
| July | 11 | Manjapra | July | 25 | Pallippuram |
| July | 11 | Mookkannoor | Aug. | 01 | Thripunithura |
| July | 18 | Kizhakkambalam | Aug. | 01 | Vaikom |
| July | 18 | Vallam | Aug. | 08 | Cherthala |
| July | 19 | Angamaly | Aug. | 08 | Edappally |

**VI. Animator Sisters' Training**

July 11 Kaloor

**VII.** ഗ്രാന്റ് പേരന്റ്സ് ഡേ ആഘോഷം

അഭിവന്ദ്യ പിതാക്കന്മാരുടെ താത്പര്യപ്രകാരം ജൂലൈ 26-ാം തിയതി 'ഗ്രാന്റ് പേരന്റ്സ് ഡേ' ആഘോഷത്തിന് കുടുംബപ്രേഷിതകേന്ദ്രം എല്ലാസഹകരണവും വാഗ്ദാനം ചെയ്യുന്നു.

സംഘാടനം: ഇടവകാടിസ്ഥാനത്തിൽ, ഗ്രെയ്സ് റിപ്പിൾസ് ദമ്പതികൂട്ടായ്മയുടെ നേതൃത്വത്തിൽ.

നടത്തേണ്ട ദിവസം: 2015 ജൂലൈ 26

വിഷയം: "ഗ്രാന്റ് പേരൻസ് കുടുംബത്തിനൊരനുഗ്രഹം."

നടത്താവുന്ന രീതികൾ

- അന്നേദിവസം വി.കുർബാനയോടനുബന്ധിച്ച് സംഘടിപ്പിക്കുക.
- വി.കുർബാനയ്ക്ക് ദേവാലയത്തിൽ ഏറ്റവും മുന്നിലായി ഇരിപ്പിടങ്ങൾ തയ്യാറാക്കുക.
- വി. കുർബാനയുടെ ആരംഭത്തിൽ അവരെ സമർപ്പിച്ച് പ്രത്യേകം പ്രാർത്ഥിക്കുക.
- സാധിക്കുമെങ്കിൽ കുർബാനയ്ക്കിടയിൽ ലേഖനം വായിക്കാനും, കാഴ്ചസമർപ്പിക്കാനും മാതാപിതാക്കൾക്ക് അവസരം നല്കുക.
- വി.കുർബാനയ്ക്കുശേഷം ഇടവകയുടെ പ്രതിനിധികളാരെങ്കിലും ആശംസകളും അഭിനന്ദനങ്ങളും നേരുക.
- പൊന്നാടയണിക്കാൻ പേരക്കുട്ടികളെ ഒരുക്കുക.
- മക്കൾ മാതാപിതാക്കൾക്ക് പൂവ് കൊടുത്ത് ആദരിക്കുക.
- മാതാപിതാക്കൾക്കായി കാപ്പി ഒരുക്കുക. ഒരു ചെറിയ സമ്മാനവും നല്കുന്നത് ഉചിതമായിരിക്കും.

**VIII. യൂദിത്ത് ഫോറം ആരംഭിക്കുന്നു.**

എറണാകുളം-അങ്കമാലി അതിരൂപത യൂദിത്ത് ഫോറം എന്ന പേരിൽ വിധവകളുടെ കൂട്ടായ്മകൾ ആരംഭിക്കുന്നു. എറണാകുളം കുടുംബപ്രേഷിതകേന്ദ്രം നടത്തിയ പഠനമനുസരിച്ച് ജീവിതയാത്രയിൽ ഭർത്താവ്

നഷ്ടപ്പെട്ട് ഒറ്റയ്ക്ക് കുടുംബജീവിതത്തിന്റെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കേണ്ടിവരുന്ന സ്ത്രീകളുടെ എണ്ണം നമ്മുടെ അതിരൂപതയിൽ ഇരിപതിനായിരത്തിൽപരമാണ്. ഇത് വിഭാര്യരുടെ എണ്ണത്തേക്കാൾ തൊണ്ണൂറുശതമാനത്തിൽ കൂടുതലാണ്. പ്രായമനുസരിച്ച് വ്യത്യസ്ത പ്രശ്നങ്ങൾ ഇവർ നേരിടുന്നു. സാമൂഹിക അരക്ഷിതത്വം, സാമ്പത്തിക പരാധീനത, ഭർതൃകുടുംബത്തിൽ നിന്നുള്ള അവഗണന, കുഞ്ഞുങ്ങളെ വളർത്തുന്നതിലുള്ള വിഷമതകൾ എന്നിവ അവയിൽ ചിലതാണ്. ആയതിനാൽ, കുടുംബബന്ധങ്ങളെ നവീകരിക്കാനുള്ള കൂട്ടായ ശ്രമത്തിന്റെ ഭാഗമായി വിധവകളുടെ വ്യക്തിജീവിതത്തേയും കുടുംബബന്ധങ്ങളെയും പരിപോഷിപ്പിക്കുന്ന ഒരു ശുശ്രൂഷ രൂപീകരിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നു. ഈ ആവശ്യം നിറവേറ്റുന്നതിനുവേണ്ടിയാണ് യൂദിത്ത് ഫോറം ആരംഭിക്കുന്നത്. വൈധവ്യം പഴയനിയമത്തിൽ വിധിയായി സ്വീകരിച്ച യൂദിത്തിന്റെ പേരിലുള്ള ഈ കൂട്ടായ്മ വിധവകളെ സുവിശേഷത്തിന്റെ പ്രഘോഷകരാക്കുവാൻ സഹായിക്കും.

ഇടവകതലത്തിൽ,വിവാഹിതരായ മക്കളുള്ളവരെ സീനിയർ വിഭാഗത്തിലും മറ്റുള്ളവരെ ജൂനിയർ വിഭാഗത്തിലുമായി തിരിച്ച് രണ്ട് കൂട്ടായ്മയായാണ് യൂദിത്ത് ഫോറം പ്രവർത്തിക്കുന്നത്. ഇവരുടെ പ്രായപരിധി 70 വയസ്സാണ്. മാസത്തിൽ ഒരുപ്രാവശ്യം ഇടവകതലത്തിൽ സമ്മേളിച്ച് പ്രാർത്ഥനയും പഠനവും ചർച്ചയും നടത്തുന്നതുവഴി ഇതിലെ അംഗങ്ങൾ വളരുമെന്ന് പ്രതീക്ഷിക്കുന്നു. ഇവർക്ക് നേതൃത്വം നല്കുന്നവർക്കുള്ള പരിശീലനവും, ചർച്ചചെയ്യാനുള്ള വിഷയവും കുടുംബപ്രേഷിതകേന്ദ്രം നല്കും.

യൂദിത്ത് ഫോറംവഴി താഴെപറയുന്ന നേട്ടങ്ങൾ കൈവരിക്കാം.

1. വിധവകളുടെ വ്യക്തിജീവിതത്തിന്റേയും കുടുംബജീവിതത്തിന്റേയും ശക്തീകരണം.
2. ഇടവകയുടെ പ്രവർത്തനങ്ങളിൽ വിധവകളുടെ സജീവ പങ്കാളിത്തം.
3. വിധവകൾക്ക് സാമൂഹിക നീതി.

2015 സെപ്തംബർ 12-ന് യൂദിത്ത് ഫോറം ഔദ്യോഗികമായി ആരംഭിക്കുവാനാണ് ആഗ്രഹിക്കുന്നത്. അതിനൊരുക്കമായി ജൂൺമാസത്തിൽ ആനിമേറ്റർ സിസ്റ്റേഴ്സിന് പരിശീലനം നല്കുന്നതാണ്. ജൂലൈ 15-നകം ഇടവകതലത്തിൽ വിധവകളെ വിളിച്ച് ചേർത്ത് രണ്ട് ഗ്രൂപ്പായിതിരിച്ച് ഓരോ ഗ്രൂപ്പിൽനിന്നും രണ്ട് വ്യക്തികളെ കോർഡിനേറ്ററായും സെക്രട്ടറിയായും തെരഞ്ഞെടുക്കണം. അവരുടെ പേരുകൾ ജൂലൈ 20-നകം കേന്ദ്രത്തിൽ ലഭിക്കണം. അവർക്കുവേണ്ടിയുള്ള പരിശീലനം സെപ്തംബർ 12-ാം തിയതി തന്നെ നടത്തുന്നതാണ്.

ഡയറക്ടർ

വെൽഫെയർ സർവ്വീസസ്, പൊന്നുരുന്നി, കൊച്ചി 682019.
Tel: 0484-2344243. • E-mail: wseekm@gmail.com

## പരിസ്ഥിതി ഞായർ ആചരണം

അന്താരാഷ്ട്ര പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സഹൃദയയുടെ ആഭിമുഖ്യത്തിലുള്ള പരിസ്ഥിതി ഞായർ ആചരണം ഉദയംപേരൂർ സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ ഗ്രാമോത്സവത്തോടനുബന്ധിച്ച് സംഘടിപ്പിച്ചു. പരിസ്ഥിതി ബോധവത്കരണ സെമിനാർ ഡോ. സി.എം. ജോയി നയിച്ചു. കാർഷിക സെമിനാർ, വൃക്ഷത്തൈ വിതരണം, കാർഷിക പ്രദർശനം എന്നിവയും നടത്തി.

## ആശാകിരണം - വോളണ്ടിയേഴ്സ് ട്രെയിനിംഗ്

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ നടപ്പാക്കുന്ന ആശാകിരണം കാൻസർ കെയർ പദ്ധതിയുടെ വോളണ്ടിയേഴ്സ് ട്രെയിനിംഗ് ജൂലൈ 8-ന് പൊന്നുരുന്നി സഹൃദയയിൽ നടത്തുന്നു.

## പറവൂരിൽ സ്പർശൻ ഫെസിലിറ്റി സെന്റർ

ഭിന്നശേഷിയുള്ളവരുടെ പുനരധിവാസപദ്ധതിയായ സഹൃദയ സ്പർശന്റെ നേതൃത്വത്തിൽ പറവൂർ കച്ചേരിപ്പടി മേഖലാ ഓഫീസിൽ തെറാപ്പി സൗകര്യങ്ങളോടെ ഫെസിലിറ്റി സെന്റർ പ്രവർത്തനം ആരംഭിക്കുന്നു. സഹൃദയ ഉത്പന്നങ്ങളുടെ വിപണനത്തിനുള്ള സഹൃദയമാർട്ടും ജൂലൈ 6-ന് ഉദ്ഘാടനം ചെയ്യപ്പെടുന്നു.

## വൃക്ഷത്തൈ വിതരണം

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മലയാള മനോരമയുടെ സഹകരണത്തോടെ പൊന്നുരുന്നിയിൽ വൃക്ഷത്തൈ വിതരണം നടത്തി.

## കർക്കിടക ചികിത്സ

നൈവേദ്യ ആയുർവേദ ആശുപത്രിയിൽ കർക്കിടക ചികിത്സ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. നൈവേദ്യ ഔഷധക്കഞ്ഞിക്കിറ്റ് വിതരണം നടന്നുകൊണ്ടിരിക്കുന്നു. ഇടവകകളിൽ കിറ്റ് ആവശ്യമുണ്ടെങ്കിൽ നൈവേദ്യയുമായി ബന്ധപ്പെടാവുന്നതാണ്.

## മുട്ടഗ്രാമം

ബിവി 380 ഇനത്തിൽപെട്ട നാടൻകോഴികളും കൂടും അനുബന്ധകാര്യങ്ങളുമുൾപ്പെടെ നൽകി സ്വയംതൊഴിലെന്ന നിലയിൽ മുട്ടയുൽപാദനം പ്രോത്സാ

ഹിപ്പിക്കുന്ന മുട്ടഗ്രാമം പദ്ധതി നടപ്പാക്കുന്നു. 30 കോഴികൾ, 15 കോഴികൾ എന്നിങ്ങനെ രണ്ട് രീതിയിൽ പദ്ധതി നടപ്പാക്കാവുന്നതാണ്. താൽപര്യമുള്ള വർ ഓഫീസുമായി ബന്ധപ്പെടുക.

## വിദ്യാർത്ഥി സുരക്ഷാ ഇൻഷുറൻസ്

125/- രൂപമാത്രം വാർഷിക പ്രീമിയമായി നൽകി അപകടങ്ങൾക്കെതിരെയും സാധാരണ രോഗങ്ങൾക്കെതിരെയും സുരക്ഷ ഉറപ്പാക്കുന്ന വിദ്യാർത്ഥി സുരക്ഷാ ഇൻഷുറൻസിലേക്ക് ചേരാൻ താൽപര്യമുള്ളവർക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. സ്കൂളുകൾ, മതബോധന വിഭാഗം എന്നിവ വഴി യാണ് പദ്ധതിയിൽ അംഗത്വം ലഭിക്കുന്നത്.

## പിന്നോക്ക വിഭാഗത്തിലെ കുട്ടികൾക്ക് സ്കോളർഷിപ്പ്

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ആഭിമുഖ്യ ത്തിൽ മറ്റു പിന്നോക്ക വിഭാഗത്തിൽ (ഒ.ബി.സി.) പ്പെട്ട, കഴിഞ്ഞ പ്ലസ്ടു പരീ ക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികൾക്ക് 5000/- രൂപയുടെ സ്കോളർഷിപ്പ് നൽകുന്നു. സ്റ്റേറ്റ് സിലബസിൽ പഠിച്ചവരും കുടുംബ വാർഷിക വരുമാനം 1,03,000/- രൂപയിൽ താഴെയുള്ളവർക്കുമാണ് അർഹത. www.ksbcdc.com എന്ന വെബ്സൈറ്റിൽ അപേക്ഷ ലഭിക്കും. മാർക്ക്ലിസ്റ്റിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ അക്കൗണ്ട് നമ്പർ, ഐ.എ ഫ്.എസ്.സി. കോഡ് എന്നിവ രേഖപ്പെടുത്തിയ പേജിന്റെ പകർപ്പ്, ജാതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ പകർപ്പ്, കഴിഞ്ഞ 6 മാസത്തിനുള്ളിൽ ലഭിച്ച കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ സഹിതം ജൂലൈ 31-നു മുമ്പായി മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, സെന്റിനൽ മൂന്നാം നില, പാറ്റൂർ, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം 695035, എന്ന വിലാ സത്തിൽ അയയ്ക്കണം.

## സഹൃദയ സമർപ്പിതദിനം

സേവ് എ ഫാമിലി പ്ലാൻ സ്ഥാപകനായ മോൺ. അഗസ്റ്റിൻ കണ്ടത്തിലിന്റെ ചരമദിനാചരണത്തോടനുബന്ധിച്ച് **2015 ജൂലൈ 23**-ന് സഹൃദയയിൽ സേവനം ചെയ്തിരുന്ന ബഹു. വൈദികർ, സന്യസ്തർ, റീജൻസി സേവനം ചെയ്ത ബ്രദേഴ്സ് തുടങ്ങിയവരുടെ സംഗമം പൊന്നുരുന്നി സഹൃദയയിൽ സംഘടി പ്പിക്കുന്നു.

## സഹായ, വായ്പാ വിതരണ വിവരം മെയ് 2015

| പദ്ധതി | വായ്പ | സഹായം |
|---|---|---|
| **വെസ്കോ ക്രെഡിറ്റ്** | | |
| സ്വയംതൊഴിൽ വായ്പ (225 സംഘങ്ങൾ) | 4,10,50,000 | |
| **സ്നേഹ ഫൗണ്ടേഷൻ** | | |
| കുടുംബസഹായം | | 43,000.00 |
| ചികിത്സാ സഹായം | | 61,460.00 |
| വിദ്യാഭ്യാസ സഹായം | | 6,000.00 |
| **സേവ് എ ഫാമിലി പ്ലാൻ** | | |
| കുടുംബ സ്ഥിരസഹായപദ്ധതി (60) | | 6,13,354.00 |
| കർമ്മശ്രീ സ്വയംതൊഴിൽ സഹായം (45) | | 46,000.00 |
| **ഇൻഷുറൻസ് പദ്ധതികൾ** | | |
| ആശ്വാസ് മരണാനന്തര സഹായം (83) | | 83,000.00 |
| സാർവത്രിക ആരോഗ്യ ഇൻഷുറൻസ് ചികിത്സാ ആനുകൂല്യം (168) | | 9,78,430.00 |
| ആം ആദ്മി ബീമ യോജന മരണാനന്തര സഹായം (2) | | 1,05,000.00 |
| ജീവൻ മധുർ മരണാനന്തര സഹായം (1) | | 22,178.00 |
| സഹൃദയ സേവൻ ചികിത്സാ സഹായം (28) | | 3,86,943.00 |

## അതിരൂപതാ സഹായനിധി മെയ് 2015

| ഫൊറോന | വിവാഹം | ചികിത്സ | ഭവനം | വിദ്യാഭ്യാസം |
|---|---|---|---|---|
| കൊരട്ടി | 5,000.00 | 9,000.00 | | 3,000.00 |
| അങ്കമാലി | 5,000.00 | 4,500.00 | 3,000.00 | 2,000.00 |
| മഞ്ഞപ്ര | 10,000.00 | 7,000.00 | | |
| മൂഴിക്കുളം | 10,000.00 | 6,000.00 | 3,000.00 | |
| കാഞ്ഞൂർ | 15,000.00 | 11,500.00 | 3,000.00 | |
| വല്ലം | | 8,500.00 | | |
| എറണാകുളം | 20,000.00 | 6,500.00 | | |

ERNAKULAM-ANGAMALY ARCHDIOCESAN BULLETIN എറണാകുളം മിസ്സം

| | | | | |
|---|---|---|---|---|
| കിഴക്കമ്പലം | 5,000.00 | 3,000.00 | 3,000.00 | |
| ഇടപ്പള്ളി | 5,000.00 | 7,500.00 | | |
| പറവൂർ | 45,000.00 | 33,000.00 | 2,500.00 | |
| തൃപ്പൂണിത്തുറ | 10,000.00 | 8,500.00 | | |
| വൈക്കം | | | 3,000.00 | |
| പള്ളിപ്പുറം | 5,000.00 | 6,000.00 | 7,000.00 | 2,500.00 |
| ചേർത്തല | 19,000.00 | 6,000.00 | 4,000.00 | 3,000.00 |
| മൂക്കന്നൂർ | 7,000.00 | 10,000.00 | | |
| കറുകുറ്റി | 5,000.00 | 8.000.00 | 2,500.00 | |
| **ആകെ** | **1,66,000.00** | **1,38,000.00** | **28,000.00** | **10,500.00** |

ഡയറക്ടർ

---

# ചിറ്റൂർ ധ്യാനകേന്ദ്രം

സ്നേഹശുശ്രൂഷാലയം, സൗത്ത് ചിറ്റൂർ, കൊച്ചി 682027.

## ജൂലൈ മാസത്തിലെ വിവിധ ശുശ്രൂഷകൾ

1) **പ്രേഷിത പരിശീലന ധ്യാനം**
ജൂലൈ 5 ഞായർ രാവിലെ 9.00 മണി മുതൽ 9 വ്യാഴം രാവിലെ 9.00 മണി വരെ.

2) **ആന്തരീക സൗഖ്യധ്യാനം (ഒരാഴ്ചത്തെ)**
എല്ലാ വെള്ളിയാഴ്ചയും വൈകിട്ട് 5.00–ന് ആരംഭിച്ച് ബുധനാഴ്ച ഉച്ചയ്ക്ക് 12.00 വരെ.

3) **ഏകദിനഉപവാസ പ്രാർത്ഥന**
എല്ലാ വെള്ളിയാഴ്ചയും രാവിലെ 8.00 മുതൽ 3.00 വരെ.

4) **ജാഗരണപ്രാർത്ഥന**
**വെള്ളിയാഴ്ച** രാത്രി 9.00 മുതൽ രാവിലെ 2.00 വരെ.

5) **നിത്യാരാധനയും മദ്ധ്യസ്ഥപ്രാർത്ഥനയും**
എല്ലാ ദിവസവും 24 മണിക്കൂറും ദൈവതിരുസന്നിധിയിൽ

ഡയറക്ടർ

# കത്തോലിക്കാ കോൺഗ്രസ് (A.K.C.C.)

കോൺഗ്രസ് എന്ന വാക്കിനർത്ഥം മീറ്റിംഗ് എന്നാണ്. ചിലരുടെ സംശയം കത്തോലിക്കാ കോൺഗ്രസ് എന്നാൽ മറ്റ് കോൺഗ്രസിന്റെ പോഷക സംഘടനയാണെന്നാണ്. കത്തോലിക്കാ കോൺഗ്രസ് എന്നാൽ കത്തോലിക്കാ വിശ്വാസികളുടെ മീറ്റിംഗ്/കൂട്ടായ്മ എന്നാണ്. ജനങ്ങളുടെ തെറ്റിദ്ധാരണ മാറ്റാൻ വികാരിയച്ചന്മാർക്കേ സാധിക്കൂ.

കത്തോലിക്കാ കോൺഗ്രസിന്റെ മേഖലാ സമ്മേളനങ്ങൾ ആഘോഷങ്ങളോടെ നടന്നു. കൊരട്ടി, അങ്കമാലി, എറണാകുളം, വൈക്കം മേഖലാ സമ്മേളനങ്ങൾ ഉദ്ഘാടനം ചെയ്ത അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിനും, അഭിവന്ദ്യ മാർ ജോസ് പുത്തൻവീട്ടിൽ പിതാവിനും ഹൃദയപൂർവ്വം നന്ദി പറയുന്നു. ഫൊറോന വികാരിമാർ, ഫൊറോന ഡയറകടർമാർ, വികാരിമാർ, അത്മായ സഹോദരീസഹോദരന്മാർ എല്ലാവർക്കും ആത്മാർത്ഥമായി നന്ദി പറയുന്നു. ജനറൽ കൺവീനർമാർ, ഫൊറോന കോർഡിനേറ്റർമാർ, വിവിധ കമ്മററിയംഗങ്ങൾ എന്നിവർക്ക് എറണാകുളം അങ്കമാലി അതിരൂപതാ കത്തോലിക്കാ കോൺഗ്രസിന്റെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**മേഖലാ സമ്മേളനങ്ങളുടെ വിലയിരുത്തൽ**.

മേഖലാ സമ്മേളനങ്ങളിലെ അത്മായരുടെ സാന്നിധ്യവും സഹകരണവും കത്തോലിക്കാ കോൺഗ്രസിന്റെ പുനർജീവനും ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്നും, കത്തോലിക്കാ സഭയിലെ മെത്രാന്മാരുടേയും വൈദികരുടേയും നേതൃത്വവും സംരക്ഷണവും അത്മായർ ആഗ്രഹിക്കുന്നുവെന്നുമാണ് സൂചിപ്പിക്കുന്നത്. ഇടവകകളിൽ വികാരിയച്ചന്മാർ കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റ് രൂപീകരച്ച് സഹകരിക്കുമല്ലോ. വികാരിയച്ചന്മാർ മനസ്സുവച്ചാൽ കുടുംബയൂണിറ്റ് ഭാരവാഹികളുടെ സഹകരണത്തോടെ കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റ് രൂപീകരണം ഓരോ ഇടവകയിലും എളുപ്പമാക്കാമെന്ന അഭിപ്രായം ഉയർന്നു വന്നു. മുൻകാലങ്ങളിലെ അനുഭവങ്ങൾ മറന്ന് പൗലോസ് ശ്ലീഹാ പറയുന്നതുപോലെ ''പിന്നിലുള്ളവയെ മറന്ന് മുന്നിലുള്ളവയെ ലക്ഷ്യം വച്ച് നമുക്ക് മുന്നേറാം''.

**യൂണിറ്റ് രൂപീകരണം**

വികാരിയച്ചന്മാർ കേന്ദ്ര സമിതിയോട് ആവശ്യപ്പെട്ടാൽ ഇടവകകളിൽ കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് ആരംഭിക്കാൻ സഹായിക്കുന്ന താണ്. മൈക്രോ ഫൈനാൻസ് തുടങ്ങുന്നതിനായി ഇടവകകളിൽ എ.കെ.സി.സി. യൂണിറ്റുകൾ ഉണ്ടായിരിക്കേണ്ടതാണ്.

## മൈക്രോ ഫൈനാൻസ്

സാമ്പത്തിക, സാമൂഹിക പിന്നോക്കാവസ്ഥകളിൽനിന്നും താഴ്ന്ന വരുമാനക്കാരെ ക്രമാനുഗതമായി ഉയർത്തി കൊണ്ടു വരുവാനും, താഴ്ന്ന വരുമാനക്കാരുടെ സാമ്പത്തിക ഉയർച്ചയ്ക്ക് ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കാനും. എളുപ്പത്തിലും കാലതാമസം കൂടാതെയും വായ്പകൾ ലഭ്യമാക്കുവാനും കത്തോലിക്കാ കോൺഗ്രസിന്റെ സംസ്ഥാനകമ്മറ്റിയുടെ നേതൃത്വത്തിൽ മൈക്രോ ഫൈനാൻസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. എല്ലാവരുടേയും സഹകരണം ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫാ. സെബാസ്റ്റ്യൻ ഊരക്കാടൻ (9895711826)
ഡയറക്ടർ

# അതിരൂപത ഡയറി

**മെയ് 2015**

14 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ എമ്മാവൂസിൽ നടന്ന അഖില കേരള സമർപ്പിത സംഗമത്തിന്റെ സമാപന സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് മൗണ്ട് സെന്റ് തോമസിൽ നടന്ന മീഡിയ ഫോറം മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. വൈകിട്ട് എറണാകുളം ബസിലിക്കയിൽ മഹാ ജൂബിലി ട്രസ്റ്റിന്റെ ജൂബിലി മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ ചുണങ്ങംവേലി പള്ളിയിൽ നാഗ്പൂർ രൂപതാംഗമായ ഡീക്കൻ ജിജോയ്ക്ക് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് അകപറമ്പിൽ സാന്ത തെരെസാ സിസ്റ്റേഴ്സിന്റെ പ്രഥമ വ്രതവാഗ്ദാന ചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ഏഴിക്കര പള്ളിയിൽ വി.കുർബാന അർപ്പിക്കുകയും കുട്ടികൾക്ക് ആദ്യകുർബാന സ്വീകരണവും പുതിയ കൊടിമരത്തിന്റെ വെഞ്ചരിപ്പ് കർമ്മം നടത്തുകയും ചെയ്തു. ഉച്ചകഴിഞ്ഞ് അങ്കമാലിയിൽ എൽ.എഫ്. ഹോസ്പിറ്റലിൽ ഗ്രാജ്യുവേഷൻ സെറിമണി ഉദ്ഘാടനം ചെയ്തു.

15 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ മൗണ്ട് സെന്റ് തോമസിൽ നടന്ന നാഷ്ണൽ മൈഗ്രന്റ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് മൈഗ്രന്റ്സിനു വേണ്ടി വി. കുർബാന അർപ്പിച്ചു. തൃക്കാക്കര മൈനർ സെമിനാരിയിൽ നടന്ന മേജർ സെമിനാരിയൻസിന്റെ കൂട്ടായ്മയിൽ പങ്കെടുത്ത് സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ കച്ചേരിപ്പടിയിൽ നടന്ന സഹൃദയ മേളയുടെ ഉദ്ഘാടന കർമ്മം നിർവഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ഉച്ചകഴിഞ്ഞ് തൃക്കാക്കര മൈനർ സെമിനാരിയിൽ നടന്ന മേജർ സെമിനാരിയൻസിന്റെ കൂട്ടായ്മയിൽ പങ്കെടുത്തു.

16 ജോർജ് ആലഞ്ചേരി പിതാവ് മൗണ്ട് സെന്റ് തോമസിൽ നാഷണൽ മൈഗ്രന്റ്സ് മീറ്റിൽ സമാപന സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് നിവേദിതയിൽ നടന്ന സുപ്പീരിയേഴ്സ് മീറ്റിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ തൃക്കാക്കര മൈനർ സെമിനാരിയിൽ വി.കുർബാന അർപ്പിച്ചു. നിവേദിതയിൽ നടന്ന സുപ്പീരിയേഴ്സ് മീറ്റിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് റിന്യൂവൽ സെന്ററിൽ നടന്ന ലിറ്റർജി ആന്റ് സേക്രഡ് മ്യൂസിക്ക് മീറ്റിംഗിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് റിന്യൂവൽ സെന്ററിൽ നടന്ന ലിറ്റർജി ആന്റ് സേക്രഡ് മ്യൂസിക്ക് മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് നിവേദിതയിൽ വി.കുർബാന അർപ്പിച്ചു.

17 ജോർജ് ആലഞ്ചേരി പിതാവ് കീച്ചേരി പള്ളിയിൽ അജപാലന സന്ദർശനം നടത്തി. ഉച്ചകഴിഞ്ഞ് മറൈൻഡ്രൈവിൽ നടന്ന കേരള ലാറ്റിൻ കാത്തലിക്ക് അസോസിയേഷന്റെ രജത ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ ചുണങ്ങംവേലി പള്ളിയിൽ യൂത്ത് കൺവെൻഷന്റെ ഭാഗമായി നടന്ന വി.കുർബാനയിൽ മുഖ്യകാർമികത്വം വഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ മരട് പള്ളിയിൽ രൂപതയിലെ ബ്രദേഴ്സിന് മൈനർ ഓർഡേഴ്സ് നൽകി. ഉച്ചകഴിഞ്ഞ് കൊറ്റമം പള്ളിയിൽ വി.കുർബാന അർപ്പിക്കുകയും മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.

18 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ നടന്ന ഫൊറോനാ വികാരിമാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു. ജോർജ്ജ് ആലഞ്ചേരി പിതാവ് മൗണ്ട് സെന്റ് തോമസിൽ നടന്ന എ.കെ.സി.സി. ഡയറക്ടേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ അരമനയിൽ നടന്ന ഫൊറോനാ വികാരിമാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു. വൈകിട്ട് ഐശ്വര്യഗ്രാമിൽ നടന്ന സേവ് എ ഫാമിലി - യുടെ ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ അരമനയിൽ നടന്ന ഫൊറോനാ വികാരിമാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

19 ജോർജ് ആലഞ്ചേരി പിതാവ് റിന്യൂവൽ സെന്ററിൽ നടന്ന എ.കെ. സി.സി. രൂപതാ പ്രതിനിധികളുടെ യോഗത്തിൽ പങ്കെടുത്തു.

20 ജോർജ് ആലഞ്ചേരി പിതാവ് ഉച്ചകഴിഞ്ഞ് ബഹു. ജോസഫ് അമ്പലത്തിങ്കലച്ചന്റെ മൃതസസംസ്കാര ശ്രൂശൂഷകളിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ വെണ്ണല ഡോൺബോസ്ക്കോയിൽ വി.കുർബാന അർപ്പിച്ചു. റിന്യൂവൽ സെന്ററിൽ നടന്ന അതിരൂപതാ സ്ഥാപനങ്ങളുടെ ഡയറക്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് പുത്തൻപള്ളിയിൽ ബഹു. ജോസഫ് അമ്പലത്തിങ്കൽ അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

21 ജോർജ് ആലഞ്ചേരി പിതാവ് മൗണ്ട് സെന്റ് തോമസിൽ നടന്ന മതബോധന പ്രതിഭ സംഗമത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

21–23 ജോസ് പുത്തൻവീട്ടിൽ പിതാവ് ഖത്തറിലെ ദോഹയിൽ പ്രവാസി മലയാളികളെ സന്ദർശിച്ച് വി. കുർബാന അർപ്പിക്കുകയും കുട്ടികൾക്ക് ആദ്യകുർബാന സ്വീകരണം നൽകുകയും ചെയ്തു.

22 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വൈക്കം ഫൊറോനാ പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

23 ജോർജ് ആലഞ്ചേരി പിതാവ് പി.ഒ.സി. യിൽ നടന്ന ഷെവ. കെ.സി. ചാക്കോ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ റിന്യൂവൽ സെന്ററിൽ നടന്ന സിറ്റി ഇവാഞ്ചലൈസേഷന്റെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് തവളപ്പാറ പള്ളിയിൽ ഇടവകാംഗമായ അന്നക്കുട്ടിയുടെ 100–ാം ജന്മദിനത്തോടനുബന്ധിച്ച് വി.കുർബാന അർപ്പിക്കുകയും ആശംസ സന്ദേശം നൽകുകയും ചെയ്തു.

24 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ മാതാനഗർ പള്ളിയിൽ വി.കുർബാന അർപ്പിക്കുകയും വിവാഹം ആശീർവദിക്കുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ഉച്ചകഴിഞ്ഞ് കോനൂർ പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു. വൈകിട്ട് കോരട്ടി ഫൊറോനാ പള്ളിയുടെ ഇടവകദിന ആഘോഷങ്ങളിൽ പങ്കെടുത്തു.

* * * * *

## ജൂലൈ 28

# വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ




വിശുദ്ധ അൽഫോൻസാമ്മേ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

| Registered |
RNI No. 3421/57
Date of Publication: 01.07.2015
Annual Subscription ₹ 150
Per Copy ₹ 15
എറണാകുളം-അങ്കമാലി അതിരൂപതാ ബുള്ളറ്റിൻ
ERNAKULAM MISSAM

തോമസ് പറഞ്ഞു: "എന്റെ കർത്താവേ,
എന്റെ ദൈവമേ!"
യേശു അവനോട് പറഞ്ഞു; "നീ എന്നെ
കണ്ടതുകൊണ്ട് വിശ്വസിച്ചു; കാണാതെ
തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ."

Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam, Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and Printed at Viani Printings, Viani Buildings, No. XXXIX/1524, Lisie Hospital Road, Ernakulam, Kochi, Kerala-682018 and Published from Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala -682031.
Editor: Rev. Fr. Jose Pollayil